51 Shri E. P. Poulose
52 ,, R. Raghava Menon
53 ,, A. A. Rahim
54 ,, M. Ravindranath
55 ,, R. Sankar
56 Smt. O. T. Sarada Krishnan
57 ,, K. R. Saraswathi Amma
58 Shri Shamsuddin
59 Shri C. M. Stephen
60 ,, K. T. Thomas
61 ,, Thomas John
62 ,, T. A. Thomman
63 ,, P. P. Ummer Koya
64 ,, K. R. Vijayan
65 ,, K. K. Viswanathan

Neutrals—Nil

Mr. Speaker: Those for the Cut Motion—49
Those against—65
Neutrals—Nil.
The Cut Motion is lost.

Mr. Speaker: Cut Motion No. 4 is in the name of Shri K. Hassan Gani. The member is not in his seat,

Mr. Speaker: Mr. Sundaram, do you press your Cut Motion under Demand XXXIX—Forest?

Shri M. M. Sundaram: Yes, I press.

The Cut Motion was put and lost.

The question that the Government be granted a sum of Rs. 1,37,79,900 under Demand XXXIX-Forest, was put and carried.

The grant was made.

Mr. Speaker: Mr. K. Moideenkutty Hajee, do you press your Cut Motion under Demand LI Capital outlay on Forests?

Shri K. Moideenkutty Hajee: Yes, I press.

The Cut Motion was put and lost.

The question that Government be granted a sum of Rs. 27,87,800 under Demand LI—Capital outlay on Forests, was put and carried.

The grant was made.

Demand LIII—Capital Outlay on Schemes of Government Trading

Minister for Food and Agriculture (**Shri E. P. poulose**): Sir, I move that Government be granted a sum of Rs. 11,38,57,900 under Demand LIII-Capital outlay on schemes of Govrenment Trading.

Minister for Law and Revenue (**Shri T. A. Thomman**): Sir, I second it.

Mr. Speaker: The following Cut Motions may be moved.

Cut Motion Nos. 1,2 and 3 may be moved by M/s. N. E. Balaram, P. Viswambaran and K. Moideenkutty Haji, respectively.

Shri N. E. Balaram: I move to reduce the allotment of Rs. 11,38,57,900 under Demand LIII—Capital outlay on schemes of Government Trading by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

Shri P. Viswambaran: I move to reduce the allotment of Rs. 11,38,57,900 under Demand LIII Capital outlay on Schemes of Government Trading, by Rs. 100.

Shri K. Moideenkutty Haji: I move to reduce the total allotment of Rs. 11,38,57,900 under Demand LIII—Capital outlay on schemes of Government Trading by Rs. 100.

ശ്രീ. എൻ. ഇ. ബലറാം : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയും, എന്റെ ഖണ്ഡനോപക്ഷേപത്തെ അവതരിപ്പിക്കുകയും ചെയ്യുന്നു. സ്റ്റോറ്സ് ട്രേഡിംഗിന്റെ മൂലധനച്ചെലവിനായി ഏതാണ്ട് പതിനൊന്നുകോടി മുപ്പത്തിയെട്ടലക്ഷം രൂപയുടെ ധനാഭ്യർത്ഥനയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സ്റ്റോറ്സ് ട്രേഡിംഗിൽ പ്രധാന ഇനങ്ങളും അരി, ഗോതമ്പു രാസവളം തുടങ്ങിയവയാണ്. ഇങ്ങനെ അല്പമാത്രമായിട്ട് ഗവണ്മെന്റു വ്യാപാരം നടത്തുന്നതിന്റെ മൂലധനച്ചെലവിനായിട്ടാണ് ഗവണ്മെന്റു ഈ സംഖ്യ ആവശ്യപ്പെട്ടന്നത്. ഗവണ്മെന്റു തന്നെ ഏറെറടുത്തു നടത്തുന്ന സ്റ്റോറ്സ് ട്രേഡിംഗിലെ ഏറ്റവും പ്രധാനപ്പെട്ട ഇനം അരിയാണ്. ഗോതമ്പും അതിൽക്കൂടി ഉണ്ട്. നമ്മുടെ സ്റ്റോറിലെ അരിയുൽപ്പാദനം താരതമ്യേന വളരെ കുറവാണ്. മറ്റു സ്റ്റോറുകളെ അപേക്ഷിച്ചു നമുക്കു ഇവിടെ ആവശ്യമുള്ളതിന്റെ കഷ്ടിച്ചു പകുതി മാത്രമേ ഈ സ്റ്റോറിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുള്ളൂ. ഒരു കൊല്ലം നമ്മുടെ സ്റ്റോറിൽ ആവശ്യമുള്ളതിന്റെ പകുതിയോളം മറ്റു സംസ്ഥാനങ്ങളിൽനിന്നും പുറമേ നിന്നും ഇവിടെ ഇറക്കുമതി ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ ഇറക്കുമതി ചെയ്തിട്ടാണ് നമ്മുടെ ആവശ്യം ഇവിടെ കൊല്ലംതോറും നിറ്വ്വഹിച്ചുവരുന്നത്. നമ്മുടെ സ്റ്റോറിൽ പുറമേ നിന്നും ഇറക്കുമതി ചെയ്യുന്നതു് ഏതാണ്ടു ഒൻപതുലക്ഷം ടൺ അരിയാണെന്നു മന്ത്രി ഒരിക്കൽ ഉത്തരം പറഞ്ഞിട്ടുള്ളതു് ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. 2,24,000 ടൺ അരി ഗവണ്മെന്റു നേരിട്ടു പർച്ചേസ് ചെയ്യുന്നുണ്ട്. സ്റ്റോറ്സ് ഗവണ്മെന്റ് അല്ല പർച്ചേസ് ചെയ്യുന്നതു്, എങ്കിലും ന്യായവില ഷാപ്പുകൾ വഴി വിതരണം ചെയ്യാൻ പർച്ചേസ് ചെയ്യുന്നുണ്ട്. ബാക്കി ഏഴലക്ഷത്തി എഴുപത്തിരണ്ടായിരം ടൺ അരി സ്വകാര്യ മേഖലയിലെ കച്ചവടക്കാരാണ് ഇറക്കുമതി ചെയ്യുന്നതു്. ഇപ്പോഴത്തന്നെ നമ്മുടെ ഉൽപ്പാദനം കഴിച്ചു പുറമേ നിന്നും കൊണ്ടുവന്നു വിതരണം ചെയ്യുന്ന അരിയുടെ കഷ്ടിച്ചു നാലിലൊന്നു ഭാഗം സ്റ്റോറ്സ് ട്രേഡിംഗ് പ്രകാരം ന്യായവില ഷാപ്പുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള ഒരു നടപടി ഗവണ്മെന്റു സ്വീകരിക്കുവാൻ ഇടയായ സാഹചര്യത്തെപ്പറ്റി വിവരിക്കേണ്ട ആവശ്യമില്ല. തൊഴിലില്ലായ്മപോലെതന്നെ ഗൗരവമുള്ള ഒരു പ്രശ്നമാണ് കുടിക്കുടി വരുന്ന വിലക്കയറ്റം. അരിയുടെയും മറ്റു നിത്യോപയോഗസാധനങ്ങളുടേയും വില നോക്കുകയാണെങ്കിൽ ഇൻഡ്യയിലെ പല സ്റ്റോറുകളെക്കാളും വിലക്കുറവു നമ്മുടെ സ്റ്റോറിൽ ഉണ്ട്. അങ്ങനെ വില കൂടി വരുന്ന പരിതഃസ്ഥിതിയിൽ ഓപ്പൺമാർക്കറ്റിലുള്ള പ്രൈസ് സ്റ്റെബിലൈസ് ചെയ്യാൻ വേണ്ടിയാണ് സ്റ്റോറ്സ് ട്രേഡിംഗ് ഇവിടെ ഉണ്ടാക്കിയിരിക്കുന്നതു്. മൂന്നുനാലുകൊല്ലമായി ഇതു ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. വിലക്കയറ്റത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന്റെ നില ഒട്ടും ആശാസ്യമാണെന്നു ഞാൻ കരുതുന്നില്ല. കാരണം അസാദ്ധ്യമായ നിലയിൽ ഈരാജ്യത്തെ താണ വരുമാനക്കാർക്കു ഭാരം താങ്ങാൻ വയ്യാത്ത വിധത്തിൽ വിലക്കയറ്റം ഇവിടെ ഉണ്ടെന്നുള്ള കാര്യം ഗവണ്മെന്റു സമ്മതിക്കുന്നില്ല. മന്ത്രിമാർ അതു സമ്മതിക്കുന്നില്ല. അല്പം കൂടിയിട്ടുണ്ട്, ചില പ്രത്യേക സാഹചര്യങ്ങളിൽ സ്വല്പം കൂടിപ്പോയി എന്നുള്ളതല്ലാതെ ഉദ്ഗ്രഹമായ വിലക്കയറ്റം ഈ സംസ്ഥാനത്തുണ്ടെന്നു ഗവണ്മെന്റു സമ്മതിക്കുന്നില്ല. അതുകൊണ്ട് സാധനങ്ങളുടെ വിലയിൽ പണ്ടത്തെ നിലയിൽനിന്നും വലിയ വ്യത്യാസം ഇവിടെ ഉണ്ടാകുന്നില്ല. വില കയറിയിട്ടുണ്ടോ എന്നു ചോദിച്ചാൽ രണ്ടുമൂന്നു കൊല്ലമായിട്ട് വില ധാരാളമായി കയറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഇടങ്ങഴി അരിക്ക് ഒരു കൊല്ലത്തിനു മുമ്പ് 73 നയാപൈസ ഉണ്ടായിരുന്നതു് ഇപ്പോൾ 83 നയാപൈസയായി വർദ്ധിച്ചിട്ടുണ്ടു്. പത്തു നയാപൈസ ഒരു ഇടങ്ങഴി അരിക്കുതന്നെ വർദ്ധനവു ഉണ്ടു്. അപ്പോൾ വിലക്കയറ്റം ഉണ്ടു്. പക്ഷേ ആ വിലക്കയറ്റം ഒഴിവാക്കാമായ നിലയിൽ എത്തിയിരിക്കുന്നു എന്നു മന്ത്രിമാർ അംഗീകരിച്ചുകഴിഞ്ഞിട്ടില്ല. അവിടെയാണു് കുഴപ്പം ഉള്ളതു്. വിലക്കയറ്റം ഉണ്ടാകുന്നതു് മഴ കുറയുന്നതുകൊണ്ടും ചിലപ്പോൾ റെയിൽവേ സൗകര്യം കുറഞ്ഞു എന്നതുകൊണ്ടും ആകാം. അങ്ങനെയുള്ള ചില കാരണങ്ങളാൽ ചിലപ്പോൾ വില കയറും. രണ്ടുമൂന്നു കൊല്ലമായിട്ടു നോക്കിയാൽ കൊല്ലം തോറും വിലകൂടി വരികയാണെന്നുകാണാൻകഴിയും. ഒക്ടോബർ, നവംബർ, ഡിസംബർ എന്നീമാസങ്ങളിലെല്ലാം വിലക്കയറ്റം ഉണ്ടാകുന്നുണ്ടു്. കഴിഞ്ഞ 1961 ഡിസംബർ മാസത്തിൽ അതു പത്തിരുപത്തഞ്ചു ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ടു്. അപ്പോൾ പറഞ്ഞു മഴയുടെ ബുദ്ധിമുട്ടുകൊണ്ടാണു്, തഞ്ചാവൂരിൽപോലും മഴയുണ്ടായി എന്നെല്ലാം. വേനൽ വന്നാൽ ഇനി ആ കുഴപ്പം വരികയില്ല എന്നെല്ലാം അന്നു പറഞ്ഞു. അതു 1962-ലും ആവർത്തിക്കുകയുണ്ടായി. 1963-ലും അതുണ്ടായി. 1963-ലെ വിലക്കയറ്റം അങ്ങേയറ്റം പരിഭ്രമിപ്പിച്ചു. ചില അനിശ്ചിതമായ കാരണങ്ങളാൽ അങ്ങനെയുണ്ടായി എന്നാണു് മന്ത്രി അതേപ്പറ്റി പറഞ്ഞതു്. കൊയ്ത്തു വന്നതോടുകൂടി വില അല്പം ഒന്നു താണുവെങ്കിലും ഇപ്പോഴും പഴയ നിലവാരത്തിൽനിന്നും ഉയർന്നതന്നെയാണു് ഇരിക്കുന്നതു്. സാധാരണ ജനങ്ങൾക്കു് താങ്ങാൻ കഴിയാത്ത നിലയിൽ ഇവിടത്തെ വില വർദ്ധിച്ചിരിക്കുകയാണു്. ഒരുനേരമായിട്ടോ, അത്രപട്ടിണിയിലോ കഴിഞ്ഞു കൂടുന്നില്ലെ എന്നു ചോദിച്ചാൽ, ഉണ്ടു്. ഈ കാര്യത്തിൽ ആളുകൾ എങ്ങനെയെങ്കിലും കഴിഞ്ഞു കൂടുന്നില്ലേ, പട്ടിണികൊണ്ടു മരിക്കുന്നില്ലല്ലൊ എന്നെല്ലാം പറഞ്ഞാൽ അതു ശരിയാവുകയില്ല. ഓപ്പൺ മാർക്കറ്റിൽ വില വർദ്ധിപ്പിക്കാതിരിക്കുവാനും ഓപ്പൺമാർക്കറ്റിലെ വില സ്റ്റെബിലൈസു് ചെയ്തു കിട്ടാനും വേണ്ടി ന്യായവില ഷാപ്പുകൾ വഴി ആഴ്ചതോറും ഒരിടങ്ങഴിയോ ഒന്നര ഇടങ്ങഴിയോ അരി വിതരണം ചെയ്തു എന്നുള്ളതു കഴിഞ്ഞാൽ സ്റ്റോറു് റേഡിംഗിനു വേറെ നയമേ ഇല്ല എന്നുള്ളതു് കേരളത്തിലെ എല്ലാവരേയും അലട്ടിയ ഒരു പ്രശ്നമാണു്. ഗവണ്മെൻറു താൽക്കാലികവും ഔപചാരികവുമായി സ്റ്റോറു് റേഡിംഗ് നടപ്പിൽ വരുത്തി എന്നുള്ളതല്ലാതെ തക്കസമയത്തു ഫലപ്രദമായ നടപടി എടുക്കുവാൻ സ്റ്റോറു് റേഡിംഗ് വഴി ഭക്ഷ്യസാധനങ്ങളും മുഴുവനും ഏർപ്പെടുത്തുവാൻ കേരളാ ഗവണ്മെൻറു തീരുമാനിച്ചിട്ടില്ല എന്നുള്ള കാര്യം ഇവിടെ പലപ്പോഴും ചോദ്യങ്ങൾക്കു മറുപടി പറഞ്ഞപ്പോഴും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. ഈ പ്രസ്ഥാനം മൂലം വില വളരെയേറെ വർദ്ധിക്കാതെയിരിക്കുമെന്നും അങ്ങനെ സാധനങ്ങളെ ഒരു നിയന്ത്രിതമായ വിലയിൽകൂടി കൊണ്ടുപോകുവാൻ കഴിയുമെന്നുമാണു് പറയുന്നതു്. ഗവണ്മെൻറിൻറെ ആ നിലപാടു് തെറ്റാണെന്നാണു് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളതു്. ഈ കഴിഞ്ഞ ഡിസംബർ മാസത്തിലെ വില നിലവാരം അതു തെളിയിക്കുന്നുണ്ടു്. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ഗവണ്മെൻറു ഇതുവരേ അനുവർത്തിച്ചിരുന്ന നയത്തിൽ മാറ്റം വരുത്തണമെന്നാണു്. കേന്ദ്ര ഗവണ്മെൻറു സ്വീകരിക്കാവുന്നിടത്തോളം അവകാശം കേന്ദ്ര ഗവണ്മെൻറു് സ്വീകരിച്ചിട്ടില്ല. റൈസു് മില്ലുകൾ ഗവണ്മെൻറു ഏറ്റെടുക്കുക എന്നൊരു നയം അംഗീകരിച്ചിട്ടുണ്ടു്. ലക്ഷക്കണക്കിനും ആഴക്കുകണക്കിനും നെല്ലു് ആന്ധ്രാ തുടങ്ങിയ സംസ്ഥാനങ്ങളിൽ ചില ഊഹക്കച്ചവടക്കാർ കൊയ്ത്തു സമയത്തു വാങ്ങി സംഭരിക്കും. അരിയുടെ മാർക്കറ്റു താരതമ്യേന ഇവരിലാണു് ഡോമിനേറ്റു ചെയ്യുന്നതു്. പിന്നീടു് അവർ പറയുന്ന വിലയാണു കൊടുക്കേണ്ടിവരുന്നതു്. അതു മാറ്റി സാധാരണ നിലവാരത്തിൽ വില സ്റ്റെബിലൈസു് ചെയ്തു കൊടുക്കണം. അതിനു ആഴ്ചതോറും ഒന്നരയിടങ്ങഴി അരി വിതരണം ചെയ്യുന്നതുകൊണ്ടൊന്നും പ്രയോജനം നേരിടുകയില്ല. വില നിയന്ത്രണത്തെ തടയുവാൻ അപര്യാപ്തമായ ഭാഗികമായ നടപടി കൊണ്ടൊന്നും പ്രയോജനപ്പെടുകയില്ല. അതുകൊണ്ടു് ഇപ്പോഴത്തെ സ്റ്റോറു് റേഡിംഗ് നയത്തിൽ മാറ്റം വരുത്തണം. ആവശ്യമുള്ള അരിയുടെ കഷ്ടിച്ചു പകുതിമാത്രം ഉൽപ്പാദിപ്പിക്കുന്ന കേരളത്തെപ്പോലുള്ള സംസ്ഥാനത്തിനാണു് അരിയും ഗോതമ്പും മറ്റും ഊഹകച്ചവടം നടത്തി അമിതമായ ലാഭമെടുത്തു കൊള്ളയടിക്കുന്ന കരിഞ്ചന്താ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഇ. ബലറാം]

സമ്പ്രദായത്തിൽ നിന്നും മോചനം നേടുന്നതിനു പര്യാപ്തമായ പ്രചോദനം നൽകേണ്ടതു്. കേന്ദ്ര ഗവണ്മെൻറിനെ അക്കാര്യത്തിൽ നിർബന്ധം ചെലുത്തേണ്ട ആദ്യത്തെ സംസ്ഥാനം കേരളമാണു്. ഇതുപോലുള്ള ഗുരുതരമായ വിലക്കയറ്റം ഉണ്ടായ അവസരത്തിൽ നമ്മുടെ ഗവണ്മെൻറു അങ്ങേയറ്റത്തെ അലംഭാവവും ഉദാസീനതയുമാണു് കാണിച്ചിട്ടുള്ളതു്. അതു മാറ്റിയിട്ടു ഭക്ഷ്യ സാധനങ്ങൾക്കെല്ലാം സ്റ്റോറു ടെയിഡിംഗ് പൂർണ്ണമായി നടപ്പിലാക്കുവാൻ ഒരു പരിപാടി ആവിഷ്ക്കരിക്കണം എന്നാണു് എനിക്കു ആദ്യമായി പറയുവാനുള്ളതു്. കാൽഭാഗം ചെലവു ഗവണ്മെൻറു നടത്തുന്നുണ്ടു്. അതുകൊണ്ടു് ഇതിൽ മടിച്ചുനിൽക്കേണ്ട കാര്യമില്ല. താണ നിലവാരത്തിലുള്ള ജനങ്ങൾക്കു പ്രയോജനകരമാംവണ്ണം സ്റ്റോറു ടേഡിംഗിൽ മൗലികമായ മാറ്റം വരുത്തണം.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു്, ഇപ്പോഴത്തെ രാസവളങ്ങളുടെ സപ്ലൈ സംബന്ധിച്ചാണു്. രണ്ടുലക്ഷം ടൺ യൂറിയയുടെ മൂലധനം അതിനു കാണുന്നു. രാസവളങ്ങളുടെ വിലകൂടി എന്നുള്ളതു് കർഷകരുടെ ഇടയിൽ സാവ്വത്രികമായിട്ടുള്ള ആവലാതിക്കു കാരണമാകുന്നുണ്ടു്. ഇൻഡ്യാ ഗവണ്മെൻറിനോടു് ഇങ്ങനെ രാസവളങ്ങളുടെ വില കുറയ്ക്കുണമെന്നു പല പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളും ആവശ്യപ്പെട്ടുകയുണ്ടായി. സെൻട്രൽ ഗവണ്മെൻറു ചെയ്തിരിക്കുന്നതു് പുറമേ നിന്നും ഇവിടെ വരുത്തുന്നതും ഇവിടെ ഉൽപ്പാദിപ്പിക്കുന്നതുമായ രാസവളങ്ങളുടെ വില ഒന്നിച്ചുചേർത്തു ഒരു വില നിശ്ചയിക്കുക എന്നുള്ള രീതിയാണു്. ഇൻഡ്യാ ഗവണ്മെൻറിനു് ഇവയുടെ വില കുറയ്ക്കുണമെന്നു പലരും നിവേദനം അയച്ചിട്ടുണ്ടു്. നമ്മുടെ സ്റ്റോറു ഗവണ്മെൻറു ഈ കാര്യം വളരെ ശക്തിയായി കേന്ദ്ര ഗവണ്മെൻറിനെ ഉൽബോധിപ്പിക്കേണ്ടതാണു്. നമ്മുടെ കർഷകരാണെങ്കിൽ നെല്ലുകൃഷി വിടണമോ വേണ്ടയോ എന്നു ആലോചിച്ചു കൊണ്ടിരിക്കുകയാണു്. പലരും കൂടുതൽ സ്ഥലങ്ങളും കരിമ്പുതോട്ടങ്ങളായി മാറ്റുവാൻ ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ടു്. പഞ്ചസാര ഫാക്ടറി വരുന്നതോടുകൂടി വളരെയേറെ കർഷകർ അതിലേക്കു പോകും. വളരെയേറെ ആളുകൾ തെങ്ങുകൃഷി ചെയ്യാൻ പോകുകയാണു്. അങ്ങനെ എല്ലാംകൊണ്ടും നെൽക്കൃഷി വളരെ കുറഞ്ഞുവരുന്ന പരിതഃസ്ഥിതിയാണു് ഇവിടുള്ളതു്. അതിനു എന്താണു് കാരണം? നെൽക്കൃഷി ആദായകരമല്ല. മറ്റു പല കൃഷിയേയും വച്ചുനോക്കുമ്പോൾ താരതമ്യേന നെൽക്കൃഷി ലാഭകരമല്ല. നെല്ലിൻറെ യഥാർത്ഥത്തിലുള്ള കോസ്റ്റു ഓഫ് പ്രൊഡക്ഷൻ ഇന്നു അതിൻറെ ഉൽപ്പാദനത്തിൽ നിന്നും കർഷകർക്കു ലഭിക്കുന്നില്ല എന്നുള്ളതു അതിലെ പ്രധാന ഘടകമാണു്. എങ്ങിനെയാണു് ഇത്രയും കോസ്റ്റു ഓഫ് പ്രൊഡക്ഷൻ ആകുന്നതെന്നുള്ള കാര്യം ഗവണ്മെൻറു വളരെ കാര്യമായി ആലോചിക്കണം. അതിൽ ഏതാണ്ടു് നാലിലൊന്നോ, അഞ്ചിലൊന്നോ രാസവളങ്ങൾക്കു വേണ്ടി ചെലവുണ്ടു്. അതുകൊണ്ടു് ഈ രാസവളങ്ങളുടെ വിലയിൽ സാരമായ കുറവു വരുത്തുവാൻ ഗവണ്മെൻറു ശ്രദ്ധിക്കണം. സബ്സിഡി കൊടുക്കുന്ന പതിവേ ഇല്ല ഇപ്പോൾ. വളം വില കുറച്ചുകൊടുക്കുന്ന കാര്യം ഗവണ്മെൻറു് ഗാഢമായി ആലോചിക്കണം. എങ്കിൽ മാത്രമേ നെൽക്കൃഷി വർദ്ധിപ്പിക്കുവാൻ സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

അടുത്തതായി എനിക്കു പറയുവാനുള്ളതു കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനെ സംബന്ധിച്ചാണു്. കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതു ചില പ്രത്യേക സ്കീം അനുസരിച്ചാണു്. അഞ്ചുലക്ഷം രൂപ പമ്പുസെറ്റും ട്രാക്ടറും വാങ്ങാൻ വേണ്ടി നീക്കിവച്ചിട്ടുണ്ടു്. ഈ അഞ്ചുലക്ഷം രൂപയിൽ തന്നെ രണ്ടുലക്ഷം പമ്പുസെറ്റു വാങ്ങാനും, ബാക്കിയുള്ള മൂന്നുലക്ഷം രൂപ ട്രാക്ടറുകൾ വാങ്ങാനുമാണു് എന്നാണു് ഇതു വായിച്ചുനോക്കിയതിൽ നിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളതു്. ഈ തുക വളരെ അപര്യാപ്തമാണു്. ചില ഘട്ടത്തിൽ ചിലർക്കു മാത്രം ഈ തുകകൊണ്ടു ഉപകാരം കിട്ടും. ഇന്നു കേരളത്തിൽ കൂടുതൽ ട്രാക്ടറുകൾ ആവശ്യമുണ്ടു്. അതിൻറെ പോളിസിയിൽ കുറച്ചു പണം കൂടി അനുവദിപ്പിച്ചു കൂടുതൽ [illegible]യം കർഷകർക്കു കൊടുക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

നയം ഗവണ്മെന്റു സ്വീകരിച്ചിട്ടില്ല. നാമമാത്രമായി, ഔപചാരികമായി മാത്രമേ സ്റ്റോറു ടെയിഡിംഗ് പ്രവത്തനം നടക്കുന്നുള്ള. അതാണു് കഴിഞ്ഞ കൊല്ലത്തെ അനുഭവം. അതൊന്നു പുനഃപരിശോധന ചെയ്യണമെന്നഭ്യത്ഥിച്ചു കൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണു്.

ശ്രീ. ഇ. പി. പൗലോസു് : റൈസ് മില്ലുകളുടെ കാര്യം പറഞ്ഞല്ലോ? അതു വ്യക്തമായില്ല. റൈസ് മില്ലുകളും ഗവണ്മെന്റു ഏറ്റെടുക്കേണ്ടാ എന്നാണോ അഭിപ്രായം. ഏതാണ്ടു മൂവായിരം റൈസ് മില്ലുകളും ഉണ്ടു്. അതെല്ലാം ഗവണ്മെന്റു ഉടമയിൽ ഏറ്റെടുത്തു നടത്തണമെന്നോ വേണ്ടെന്നോ, മെമ്പറുടെ അഭിപ്രായം.

ശ്രീ. എൻ. ഇ. ബലറാം : വളരെ പുരുങ്ങിയ വിലകൊടുത്തു കൊയ്ത്തു കാലത്തു ധാരാളം നെല്ലുവാങ്ങി സംഭരിക്കുന്നതിൽ ഓണേഴ്സു് ഉണ്ടു്. അതു ഗവണ്മെന്റു ഏറ്റെടുക്കണമെന്നാണു് എന്റെ അഭിപ്രായം.

[Deputy Speaker in the Chair]

ശ്രീ. പി. നാരായണൻ തമ്പി : മാഡം, ഞാൻ ഈ ഡിമാൻഡിനെ എതിർക്കുകയും, എന്റെ സ്നേഹിതൻ ശ്രീ. വിശ്വംഭരൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കട്ടു് മോഷനെ അനുകൂലിക്കുകയും ചെയ്യുന്നു. ഒറ്റ നോട്ടത്തിൽ ഈ ഡിമാൻഡു വളരെയധികം പ്രാധാന്യം ഇല്ലെന്നു തോന്നുമെങ്കിലും, ഏതാണ്ടു് മിക്ക ഡിപ്പാർട്ടുമെന്റുകളേയും പദ്ധതികളേയും ബാധിക്കുന്ന ഒരു ധനാഭ്യത്ഥനയാണു് ഇതെന്നു് മനസ്സിലാക്കാൻ സാധിക്കും. ആദ്യമായി ഫ്രൈയിൻസു് പർച്ചേസിനു വേണ്ടിയുള്ള വകയിരുത്തൽ പരിശോധിച്ചു നോക്കുകയാണെങ്കിൽ ഇക്കൊല്ലത്തേക്കു് 1963-ലെ എക്കണോമിക്കു് റവ്യൂവിൽ ഹൂഡ് സിറ്റുവേഷനെപ്പറ്റി പറയുന്നതു് The Central allotment of rice to the State was, however, about 0.50 lakh tons less in 1963 than in 1962, it was 2.50 lakh tons in 1962 and 2.01 lakh tons in 1963' എന്നാണു്. സെൻട്രൽ അലോട്ടുമെന്റു കുറയുന്നിടത്തോളം അരി സ്റ്റോറു ഗവണ്മെന്റു് വെളിയിലുള്ള കച്ചവടക്കാരിൽ നിന്നും വാങ്ങിക്കാൻ തയാറായില്ലെങ്കിൽ, ഈ കഴിഞ്ഞ വർഷത്തിൽ അരിയിൽ വിലക്കയറ്റം ഉണ്ടായതുപോലെ, വീണ്ടും അനുഭവപ്പെടാൻ ഇടയാകും. ഈ അടുത്തകാലത്തു് കേന്ദ്രമന്ത്രിയാണെന്നു തോന്നുന്നു, വളരെയധികം കരുതി പ്രവർത്തിച്ചില്ലെങ്കിൽ 1965-ൽ ഇൻഡ്യയൊട്ടാകെ, ഇൻഡ്യയുടെ മിക്ക ഭാഗത്തും രൂക്ഷമായ ഭക്ഷണക്ഷാമം ഉണ്ടാകാൻ ഇടയുണ്ടു്, അതുകൊണ്ടു് വളരെ സൂക്ഷിച്ചു് പ്രവത്തിക്കണമെന്നു് ഒരു മുന്നറിയിപ്പു് കൊടുത്തിട്ടുള്ളതായി പത്രങ്ങളിൽ ഒരു വാത്ത കണ്ടു. ആന്ധ്രാ, മൈസൂർ, മദ്രാസു്, കേരളം ഇത്രയും സ്റ്റോറുകളിൽ ഫ്രൈയിൻസു് ഡിസ്ട്രിബ്യൂഷൻ സംബന്ധിച്ചിടത്തോളം ഒരു ഓപ്പൺ സോൺ ആണെങ്കിലും, മദ്രാസു് ഗവണ്മെന്റു ഒരു അലിഖിതനിയമം മദ്രാസ്സിലെ മില്ലു് ഓണേഴ്സിനു് കൊടുത്തിട്ടുള്ളതായി അറിയുന്നു, മദ്രാസു് ഗവണ്മെന്റിനു്, ഓരോ മില്ലു് ഉടമയും ഇത്രയിത്ര ടൺ അരി വീതം കൊടുത്തതിനുശേഷം മാത്രമേ ബാക്കിയുള്ളതു് വെളിയിലേക്കു കൊടുക്കാൻ പാടുള്ളുവെന്നു് നിർബന്ധിച്ചിട്ടുണ്ടു്. അങ്ങനെയായാൽ നമ്മുടെ സ്റ്റോറിനു് ആവശ്യമുള്ള അരി ലഭിക്കാതെ പോകും. അതുകൊണ്ടു് ഈ വിവരം നമ്മുടെ ഗവണ്മെന്റു കേന്ദ്ര ഗവണ്മെന്റിനെ അറിയിച്ചു് എന്തെങ്കിലും നടപടികളും എടുപ്പിക്കേണ്ടതാണു്. അല്ലാത്തപക്ഷം അരിയുടെ വില ഇവിടെ കുതിച്ചുകയറും. അരിയുടെ വില നിയന്ത്രിച്ചെങ്കിൽ മാത്രമേ മറ്റു എസൻഷ്യൻ കമോഡിറ്റി സിന്റെ വില നിയന്ത്രിക്കാൻ സാധിക്കുകയുള്ള. അരിയുടെ വില കുതിച്ചുകയറുന്നതോടൊപ്പംതന്നെ മറ്റു സാധനങ്ങളുടെ വിലയും കുതിച്ചു കയറും. സെൻട്രൽ അലോട്ടുമെന്റു വർദ്ധിപ്പിക്കുന്ന കാര്യത്തിലും, മറ്റു സംസ്ഥാനങ്ങളിൽനിന്നും നല്ല സ്റ്റോറാക്കു് വാങ്ങുന്ന കാര്യത്തിലും ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണു്. ബഫർ സ്റ്റാക്കു് സൂക്ഷിക്കുന്ന കാര്യത്തിലും, വില നിയന്ത്രിക്കുന്ന കാര്യത്തിലും നല്ല ഒരു സ്റ്റോർ ഇവിടെ ഉണ്ടാകുന്ന കാര്യത്തിലും മന്ത്രിയുടെ ആഗ്രഹം, ഇവിടെ പലപ്രാവശ്യം പ്രകടിപ്പിച്ചിട്ടുണ്ടു്. പക്ഷെ അങ്ങനെ ആഗ്രഹം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. നാരായണൻ തമ്പി]

പ്രകടിപ്പിക്കുകയല്ലാതെ അതിലൊരു നടപടിയും എടുത്തിട്ടില്ല. അതിനുള്ള വ്യക്തമായ നല്ല പരിപാടികളും ഗവണ്മെൻറിനുണ്ടോ? ഇവിടെ ബഫർ സ്റ്റോക്കു് സൂക്ഷിക്കുന്ന കാര്യത്തിൽ പരിപാടികളൊന്നുമില്ലെങ്കിൽ, ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭക്ഷണക്ഷാമം വരികയാണെങ്കിൽ, അതിൽ ഏറ്റവും മൂർച്ചയേറിയ വിഷമം അനുഭവിക്കേണ്ടിവരുന്നതു് കേരളമായിരിക്കും. എന്തുകൊണ്ടാണു് ഇന്നു് വില വർദ്ധിക്കുന്നുവെന്നു് നോക്കിയാൽ അറിയാം, അരിയുടെ വില കയറുന്നതോടൊപ്പം എ സ ൻ ഷ ൽ കമോഡിറ്റീസിന്റെ വിലയും വർദ്ധിക്കുന്നു. അതായതു് അരിയും ഗോതമ്പും ഒഴിച്ചു്, മല്ലി, മുളകു്, പയർ വർഗ്ഗങ്ങൾ, നമ്മുടെ കുന്നുകാലികൾക്കു് ആഹാരം കൊടുക്കുന്നതിനാവശ്യമായ പിണ്ണാക്കു്, പരുത്തിക്കുരു ഇങ്ങനെയുള്ള സാധനങ്ങളുടെ വിലയും കുതിച്ചുകയറുന്നുണ്ടു്. ഈ സാധനങ്ങളുടെ വിലകൂടുമ്പോൾ പാലിന്റെ വില കൂടുന്നു. പാലിന്റെ വില കൂടുമ്പോൾ പായയുടെ വില കൂടുന്നു. അതുകൊണ്ടു് എസൻഷ്യൻ കമോഡിറ്റീസിന്റെ വില വർദ്ധിക്കുന്നതോടൊപ്പം അതിനോടു് അനുബന്ധിച്ചുള്ള മറ്റു സാധനങ്ങളുടേയും വില കൂടും. അതുകൊണ്ടു് ഈ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നമെങ്കിൽ ഇതിൽ ഏതെല്ലാം സാധനങ്ങൾ കൂടെ ഗവണ്മെൻറിന്റെ ടെയിഡിംഗു് സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്നു് നോക്കേണ്ടതാണു്. ഇതുപോലെ കാര്യങ്ങൾ ഗ്രെയിൻസു് പർച്ചേസിനെക്കുറിച്ചു് പറഞ്ഞുകൊണ്ടു് ഞാൻ മറ്റൊരു കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ഇനി പറയുവാനുള്ളതു് വളം വിതരണത്തിന്റെ കാര്യമാണു്, നമ്മുടെ പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനം മൂലം നമ്മുടെ നാടിലെ കൃഷിക്കാരെല്ലാംതന്നെ യഥാർത്ഥ മനുവർ—കാൺഷ്യസു് ആയിട്ടുണ്ടു്. എന്നാൽ ഇന്നത്തെ അനുഭവം എന്താണെന്നു് വെച്ചാൽ കൃഷിക്കാർക്കു് വളം ആവശ്യമുള്ള അവസരത്തിൽ കൊടുക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണു്. രാസവളങ്ങൾ ശരിയായ അവസരത്തിൽ ഉപയോഗിച്ചില്ലെങ്കിൽ ഉള്ള കൃഷി തന്നെ നശിച്ചുപോകും. നെല്ലിന്റെ കാര്യം തന്നെയാണെങ്കിലും അതിൽ ആദ്യമേ രാസവളം ചെയ്തില്ലെങ്കിൽ ഗ്രോ ം കിട്ടുകയില്ല. കതിരുവരാൻ സമയത്താണു് വളം ചെയ്യുന്നതെങ്കിൽ ഉള്ളതുതന്നെ നഷ്ടപ്പെട്ടുപോകും. അതുകൊണ്ടു് കൃഷിക്കാർ ആവശ്യപ്പെടുന്ന അവസരത്തിൽ വളം വിതരണം ചെയ്യുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചില്ലെങ്കിൽ, ഇന്നു് നമ്മുടെ നാട്ടിലുള്ള കൃഷിതന്നെ മോശപ്പെടാൻ ഇടയുണ്ടെന്നുള്ള കാര്യം മനസ്സിലാക്കേണ്ടതാണു്. അതുകൊണ്ടു് ആവശ്യമുള്ള വളം എപ്പോഴും സംഭരിച്ചു വെച്ചു കൃഷിക്കാർ ആവശ്യപ്പെടുന്ന സമയത്തുതന്നെ സപ്ലൈ ചെയ്യേണ്ടതാണു്. നമ്മുടെ സംസ്ഥാനത്തു് വളരെയധികം സെയിൽസു് ടാക്സു് ചെക്കുപോസ്റ്റുകളുണ്ടെങ്കിലും ഇവിടെ നിന്നും വളരെയധികം രാസവളങ്ങൾ മറ്റു സംസ്ഥാനങ്ങളിലേയ്ക്കു് ലോറി വഴി കയറ്റി കൊണ്ടുപോകുന്നതായി മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. അടുത്തകാലത്തു് അതിനൊരു പ്രത്യക്ഷോദാഹരണം തന്നെ എനിക്കു് കിട്ടിയിട്ടുണ്ടു്. അതു് ഞാൻ അധികാരികളെ അറിയിക്കുകയും ചെയ്തിട്ടുണ്ടു്. നമ്മുടെ കൃഷികാര്യത്തിനു് വേണ്ടി ഉപയോഗപ്പെടുത്തേണ്ടതും ഇവിടെ ചെലവാക്കേണ്ടതുമായ ഇത്തരം വളങ്ങൾ ഏതെങ്കിലും വിധത്തിൽ ഇവിടെനിന്നും ലോറി മാർഗ്ഗം കടത്തികൊണ്ടുപോയി, വെളിയിൽകൊണ്ടുചെന്നു് ബ്ലാക്കു് മാർക്കറ്റിൽ വിൽക്കുകയാണു്. അതിനെപ്പറ്റി ഗവണ്മെൻറിൽനിന്നും ശരിയായ രീതിയിൽ അന്വേഷണം നടത്തി, അതിനുത്തരവാദികളാരാണെന്നു കണ്ടുപിടിച്ചു് ശിക്ഷിക്കേണ്ടതാണു്. ഇവിടെ ഉപയോഗിക്കേണ്ട വളം ഇവിടെ തന്നെ ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണു്.

അടുത്തതായി ടെയിഡിംഗു് സ്കീമിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒരു കാര്യം. കൃഷിക്കാർക്കു് ടാക്കുകൾ കൊടുക്കുന്നതിനെപ്പറ്റിയാണു്. ഇപ്പോഴത്തെ പദ്ധതിയിൽ ടാക്കുകൾ കൊടുക്കുന്നതു് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിൽ പ്രത്യേകമായിട്ടൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ഒന്നോ രണ്ടോ ടാക്കുകൾ പേരിനുവേണ്ടി മാത്രം എക്സ്റ്റൻഷൻ സെൻറുകളിൽ വാങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ടെന്നുള്ളതല്ലാതെ, അവയൊന്നുംതന്നെ കൃഷിക്കാർക്ക് ഉപകാരപ്രദമായിട്ടില്ല. ശ്രീ. ഭാസ്കരൻനായർ പറഞ്ഞതുപോലെ ജപ്പാനിൽനിന്നോ മറ്റോ ചെറിയ ട്രാക്ടറുകൾ വാങ്ങി, ഇവിടെ കൊണ്ടുവന്നു് ഏതെങ്കിലും ഫാക്ടറികളിൽ അതേപോലെയുള്ള ട്രാക്ടറുകൾ ഉണ്ടാക്കാൻ ശ്രമിക്കുകയാണെങ്കിൽ നമ്മുടെ കൃഷിക്കാർക്ക് എല്ലാവർക്കും അതിന്റെ ഗുണം സിദ്ധിക്കുന്നതാണു്. ചെറിയ രീതിയിലുള്ളതാകുമ്പോൾ എല്ലാ കൃഷിക്കാർക്കും അതു് വാങ്ങുന്നതിനു സാധിക്കും. ഞാൻ നേരത്തെ പറഞ്ഞതുപോലെ എസൻഷ്യൽ കമോഡിറ്റീസിന്റെ വില കൂടിയതുതൊണ്ടു് ഇന്നു് ഉഴവു മാടുകൾക്കു് വളരെയധികം വിലകൂടുന്നുണ്ടു്. ഏഴും എട്ടും കൃഷിക്കാർ കൂടി രണ്ടു ഉഴവു മാടിനെ വാങ്ങും. ആ മാടുകൾക്കു് സാധനങ്ങളുടെ വിലകൂടിയിരിക്കുന്നതുകൊണ്ടു് ശരിയ്ക്കും ആഹാരം കൊടുക്കാൻ സാധിക്കുകയില്ല. അങ്ങനെയുള്ള മാടുകളെ കൊണ്ടു് നിലത്തിൽ ഉഴുതുവെന്നു പേരു് വരുത്തും. അതുകൊണ്ടു് ശരിയായ രീതിയിൽ ഉഴവു് നടക്കുകയില്ല. ചെറിയ ചെറിയ ട്രാക്ടറുകൾ കൃഷിക്കാരുടെ സാമ്പത്തികസ്ഥിതിയനുസരിച്ചു് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണു്. എങ്കിൽ മാത്രമേ ശരിയായ രീതിയിൽ കൃഷി അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുകയുള്ളൂ.

അടുത്തതായി എനിക്കു് പറയുവാനുള്ളതു് കൃഷിക്കാർക്കു് വിതരണം ചെയ്യുന്ന പമ്പു് സെറ്റിന്റെ കാര്യത്തെപ്പറ്റിയാണു്. ഇന്നു് പമ്പു സെറ്റുകൾ കൃഷിക്കാർ വാങ്ങണമെങ്കിൽ അതിന്റെ വില ഒന്നിച്ചു് കൊടുക്കണം. അതിന്റെ ഫലമായി കൃഷിക്കാർക്കു് പമ്പു് സെറ്റു കൊടുക്കാൻ നിവൃത്തിയില്ലാതെ ബ്ലോക്കുകളിൽതന്നെ അവശേഷിക്കുകയാണു്. എന്തിനാണു് ഈ പമ്പു് സെറ്റു വിതരണം ചെയ്യുന്നതെന്നുള്ളതിനെപ്പറ്റി ആലോചിക്കേണ്ടതാണു്. പല സ്ഥലങ്ങളിലും പമ്പു സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനു് ആവശ്യമായ ഇലക്ട്രിസിറ്റി ലഭിക്കുന്നില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഡീസൽ ഓയിൽ ഉപയോഗിച്ചു് പ്രവർത്തിപ്പിക്കാവുന്ന പമ്പു് സെറ്റുകൾ വിതരണം ചെയ്യേണ്ടതാണു്. ഇപ്പോൾ ആറായിരവും ഏഴായിരവും രൂപ വിലയുള്ള പമ്പു സെറ്റുകളാണു് വിതരണം നടത്തുന്നതു്. അതു് കൃഷിക്കാർക്കു വാങ്ങാൻ സാധിക്കുന്നില്ല. അതുകൊണ്ടു് ചെറിയ തരം പമ്പു സെറ്റുകൾ കുറഞ്ഞവിലക്കു വിതരണം ചെയ്യുന്നതിനുള്ള നടപടികളെടുക്കേണ്ടതാണു്.

അതുപോലെ തന്നെ പബ്ലിക്കു് ഹെൽത്തിലെ ഫൈലേറിയ, മലേറിയ തുടങ്ങിയവയ്ക്കു ആവശ്യമുള്ള ഉപകരണങ്ങൾ റൂറൽ ഇൻഡസ്ട്രീസിനു് ആവശ്യമുള്ള ഉപകരണങ്ങൾ ഇവയെല്ലാം വാങ്ങുന്നതിനുള്ള നടപടികളെടുക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. ഈ സാധനങ്ങളുടെ ടെൻഡർ വിളിച്ചു് ഏറ്റവും കുറഞ്ഞ വിലയ്ക്കുള്ള സാധനങ്ങൾ വാങ്ങുകയെന്നുള്ള നയം ഉപേക്ഷിച്ചിട്ടു് നല്ല സാധനങ്ങൾ വാങ്ങുകയെന്നുള്ള നയം സ്വീകരിക്കേണ്ടതാണു്. ഇന്നു് ഇങ്ങനെ വാങ്ങിയിട്ടുള്ള സാധനങ്ങളിൽ പലതും കേടായി കിടക്കുകയാണു്. അതിന്റെ കാരണം എന്താണെന്നു് അന്വേഷിക്കുമ്പോഴാണു് അറിയുന്നതു് ഏറ്റവും കുറഞ്ഞ വിലയ്ക്കു് വാങ്ങിയിട്ടുള്ള സാധനങ്ങളാണു് അവയെന്നു്. അങ്ങനെ ഏറ്റവും കുറഞ്ഞ വിലയ്ക്കു വാങ്ങിക്കുന്ന സാധനങ്ങൾ ഏറ്റവും മോശപ്പെട്ടതായിരിക്കും. അതുകൊണ്ടു ആവശ്യത്തിനു് ഉതകുന്ന നല്ല ഉപകരണങ്ങൾ വാങ്ങുന്നതിനു് പ്രത്യേകം ശ്രദ്ധിക്കണം. അതിൽ പാകപ്പിഴ വരുന്നതു് എവിടെയാണെന്നു് നോക്കി അതിനു് ഉത്തരവാദികൾ ആരാണെന്നു് അന്വേഷിച്ചു് അവ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : മാന്യം, ഭക്ഷ്യധാന്യങ്ങളുടെ ശ്രേക്ഷമായ വിലക്കയറ്റത്തെ ഏതെങ്കിലും വിധത്തിൽ തടയാനുള്ള ഉദ്ദേശത്തോടുകൂടിയാണു് ഗവണ്മെന്റു് വ്യാപാര രംഗത്തു് ചില നിയന്ത്രണങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടുള്ളതു്. ആ തീരുമാനം നടപ്പിൽ വരുത്തുന്ന കാര്യത്തിലുള്ള പ്രയാസങ്ങളും വിഷമങ്ങളും നാം കണക്കിലെടുക്കേണ്ടതുണ്ടു്. സാധാരണഗതിയിൽ ഒരു സ്വകാര്യ വ്യാപാരിക്കു് ഉണ്ടാകാനുള്ള ആനുകൂല്യങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

ഗവണ്മെൻറിനു പലപ്പോഴും കിട്ടാതെ പോകുന്നുണ്ട്. ഇന്നു തന്നെ ജനങ്ങൾക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ കൊടുക്കാനുള്ള ഉത്തരവാദിത്വം ഏറെറടുത്തുകൊണ്ട് വിലവർദ്ധനവിനെ സ്റ്റെബിലൈസ് ചെയ്യാനുള്ള നടപടികൾ ഗവണ്മെൻറ് എടുത്തുവരുന്നുണ്ട്. മദ്രാസ്, ആന്ധ്ര, മൈസൂർ മുതലായ സംസ്ഥാനങ്ങളിൽപോയി സ്വകാര്യ കച്ചവടക്കാർ സാധനങ്ങൾ കൊണ്ടുവരുന്നതോടൊപ്പം ഗവണ്മെൻറിനു് അതു് ശരിക്കും കൈകാര്യം ചെയ്യാൻ വിഷമം നേരിടുന്നുണ്ട്. ഇന്നു് സാധനങ്ങൾ കൊണ്ടുവരുന്നതിനുള്ള വാഗൺ സൗകര്യം ഇല്ല. മാത്രമല്ല മറ്റു ചില വിഷമതകളും നേരിടുന്നുണ്ട്. എൻെറ അനുഭവത്തിൽ നിന്നും എനിക്കു് പറയുവാൻ സാധിക്കും, 1959–60 കാലങ്ങളിൽ രൂക്ഷമായിട്ടു് ക്ഷേ്യവിഷമം ഇവിടെ ഉണ്ടായപ്പോൾ സ്വകാര്യഏജൻസി എന്നുള്ള നിലയിൽ ഞാൻ ഭക്ഷ്യധാന്യങ്ങൾ മൂവു ചെയ്തിട്ടുണ്ട്. അന്നു ഗവണ്മെൻറിൻെറ ഫുഡ് ആഫീസർക്കു് വാഗൺ കിട്ടാത്ത പരിതഃസ്ഥിതിയുണ്ടായിരുന്നു. അതു് എങ്ങനെയാണെന്നുള്ളതു് ആ രംഗത്തു കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ആളുകൾക്കറിയാം. ഏതായാലും ഗവണ്മെൻറിൻെറ ഉദ്ദേശം, ഭക്ഷ്യധാന്യങ്ങളുടെ വില, ഉയർന്നുപോകാൻ പാടില്ല, അതിനനുയോജ്യമായ വിധത്തിൽ കൈകാര്യം ചെയ്യാനുള്ള ഉപാധി ഉണ്ടാക്കിത്തീർക്കണമെന്നുള്ളതാണു്. ഈ രംഗത്തേക്കു് 11 കോടി 38 ലക്ഷത്തിലധികം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇന്നു തന്നെ നമ്മുടെ അയൽ സംസ്ഥാനങ്ങളായ ആന്ധ്രയിൽ നിന്നും മദ്രാസിൽ നിന്നും നമുക്കാവശ്യമായ ഭക്ഷ്യസാധനങ്ങൾ എടുക്കാനുള്ള പരിശ്രമങ്ങൾ നാം നടത്തുന്നുണ്ട്. അതു ഇന്നു നടത്തുന്ന വിധത്തിൽ ഇങ്ങനെ വളരെ സ്ലോയായിപ്പോയാൽ പരിപൂർണ്ണമായി വിജയപ്രദമായിത്തീരുമോ എന്നുള്ള കാര്യത്തിൽ സംശയമാണു്. നമുക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ അലോട്ടു ചെയ്യുന്നതു് ഇൻഡ്യാഗവണ്മെൻറാണു്. ബർമ്മ മുതലായ മറ്റു നാടുകളിൽ നിന്നാണു് കാര്യമായും ഒന്നരണ്ടു കൊല്ലമായി നമുക്കു് ഭക്ഷ്യധാന്യങ്ങൾ അലോട്ടു് ചെയ്തുകൊണ്ടിരിക്കുന്നതു്. പക്ഷേ നമ്മുടെ നാട്ടിലെ ജനങ്ങളുടെ ഹിതത്തിനനുസരിച്ചുള്ള ഒരുതരം കാപ്പിറിറിയല്ല ബർമ്മയിൽ നിന്നു ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ. അതുകൊണ്ടു് ആന്ധ്രയേയും മദ്രാസിനേയും നാം കാര്യമായി ആശ്രയിക്കേണ്ടതുണ്ടു്. ആന്ധ്രയിൽ നിന്നും മദ്രാസിൽ നിന്നും നാം പർച്ചേസ് ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ വളരെ വേഗത്തിൽ ഇവിടെ കൊണ്ടുവരാനുള്ള വാഗൺ സൗകര്യങ്ങൾ ലഭിക്കുന്ന കാര്യത്തിൽ റയിൽവേ അധികൃതരുമായി വേണ്ട ഏർപ്പാടു ചെയ്തു വളരെവേഗത്തിൽ അതു ഇവിടെ എത്തിക്കാനും സ്റ്റാക്കുചെയ്തു സംഭരിച്ചുവയ്ക്കാനുമുള്ള നടപടികൾ കൂടുതലായി ചെയ്തുകൊണ്ടിരിക്കേണ്ടതുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ് : ആന്ധ്രയിലും മദ്രാസിലുമുള്ള അരിയേക്കാൾ ബർമ്മാ അരിയാണു് ഇവിടത്തെ ആളുകൾ കൂടുതൽ ഇഷ്ടപ്പെടുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ബർമ്മാ അരിയല്ല നമുക്കാവശ്യം. അതു നമ്മുടെ നാട്ടിലെ ആളുകൾക്കു് പിടിക്കാത്ത അരിയാണു്. അതു ഒരുതരം പശയുള്ള അരിയാണു്. അതു ഇവിടത്തെ ജനങ്ങൾക്കു് പിടിക്കുകയില്ല. ബർമ്മാ പച്ചരിയാണു് ഇവിടെ ഇപ്പോൾ ലഭിക്കുന്നതു്. അതു ആർക്കും പിടിക്കാത്ത ഒരു കമ്മോഡിറ്റി എന്നുള്ളതു് വളരെ വ്യക്തമാണു്. ആന്ധ്രയിൽ നിന്നു ലഭിക്കുന്നതു് വളരെ മെച്ചപ്പെട്ടതരം അരിയാണു്. അതുപോലെ മദ്രാസിലെ തഞ്ചാവൂരിൽ നിന്നു ലഭിക്കുന്ന 'കുറുവാ' വളരെ നല്ലതരം അരിയാണു്. പക്ഷേ അതിനു വില വളരെ കൂടുതലാണു്. നമ്മുടെ നാട്ടിലെ ജനങ്ങൾക്കു് കൂടുതൽ വിലകൊടുത്തു് ഇത്തരം അരി വാങ്ങിക്കഴിക്കുന്നതിനു് സാധിക്കുകയില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. അതുകൊണ്ടാണു് വളരെ മെച്ചമെന്നുള്ള രീതിയിലല്ല, നിവൃത്തിയില്ലാത്തതുകൊണ്ടാണു് നമ്മുടെ നാട്ടിലെ ജനങ്ങൾ ബർമ്മാ അരി ഉപയോഗിക്കാൻ നിർബന്ധിതരായിത്തീരുന്നതു്. ബർമ്മായിൽ നിന്നു മുൻപു കിട്ടിക്കൊണ്ടിരുന്ന അരിയല്ല ഇന്നു കിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു്. അന്നു ചാക്കിനു് മാഞ്ചര രൂപ വിലയുണ്ടായിരുന്ന നെകുതച്ചക്കമാക്കു് അരിയും സൂര്യമാക്കു് അരിയുമല്ല ഇന്നു കിട്ടുന്നതു്. അതുകൊണ്ടാണു് നമ്മുടെ ജനങ്ങളും ഇന്നു തൃപ്തിപ്പെടാത്തതു്.

എനിക്കു് ഈ കാര്യത്തിൽ പിന്നെ പറയുവാനുള്ളതു് വളങ്ങളെ സംബന്ധിച്ചാണു്. നമുക്കു് ഇന്നു കൂടുതലും ഫാക്ടു വളമാണു് ലഭിക്കുന്നതു്. അതിനുള്ള സ്ഥാപനം ഇവിടെയുണ്ടു്. ആ വളത്തിൽ ആകം ഇൻഡ്യാ പൂരം അനുസരിച്ചാണു് വില കൊടുക്കേണ്ടതു്. നമ്മുടെ സംസ്ഥാനത്തിലെ വളനിർമ്മാണത്തിന്റെ ചെലവു കണക്കാക്കിയിട്ടല്ല, ഇൻഡ്യയിൽ ഒട്ടാകെ കൊടുക്കേണ്ടി വരുന്ന വിലയനുസരിച്ചാണു് വളത്തിന്റെ വില നിശ്ചയിക്കുന്നതു. അതുകൊണ്ടു് നമ്മുടെ കൃഷിക്കാക്കു് താങ്ങാൻ പാടില്ലാത്ത വിധത്തിലുള്ള വിലയാണു് ഫാക്ടു വളത്തിനുള്ളതെന്ന കാര്യം നാം മനസ്സിലാക്കണം. അതുകൊണ്ടു് ഇതിന്റെ വില കുറയ്ക്കാനുള്ള പരിശ്രമം ഗവണ്മെന്റു് നടത്തണം. കേരള ലവലിൽ ഈ വളത്തിന്റെ വില ചുരുക്കാൻ ഗവണ്മെന്റു് വേണ്ട പരിശ്രമം നടത്തണമെന്നാണു് എനിക്കു് ഈ അവസരത്തിൽ ഉണർത്തുവാനുള്ളതു്. എന്റെ സ്നേഹിതൻ ഇവിടെ പിണ്ണാക്കിനെ സംബന്ധിച്ചു പറഞ്ഞു. പിണ്ണാക്കു് ഇവിടെ വരുത്തുന്നതു് ഗൗട്ടി ഗ്രണ്ടയ്ൽ മുതലായ സ്ഥലങ്ങളിൽ നിന്നാണു്. ഇവിടെ വരുത്തുന്ന ഈ പിണ്ണാക്കു് കാലി.തീറ്റ അല്ലെങ്കിൽ ക്യാറ്റിൽ ഫോഡർ എന്നു പറഞ്ഞു വരുത്തുന്നതുകൊണ്ടു് റയിൽവേ ക്ലാസി റേറ്റു് വളരെ കുറവാണു്. ഇതു ഇവിടെ ക്യാറ്റിൽ ഫോഡറിനുവേണ്ടി മാത്രമല്ല മറ്റു പലതിനും ഉപയോഗിക്കുന്നുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ ബിസ്ക്കറ്റു കമ്പനിക്കാർ ഈ പിണ്ണാക്കു് ഉപയോഗിക്കുന്നുണ്ടോ എന്നുള്ള കാര്യത്തിൽ ഒരു പരിശോധന നടത്തേണ്ടതുണ്ടു്. ഈ പിണ്ണാക്കു് അവിടെ നിന്നുംകിട്ടുന്ന വിലയും ഇവിടെ കൊണ്ടുവരാനുള്ള ചെലവും ലാഭവുംകൂടി കണക്കാക്കി വിൽക്കുന്നതിനു പകരം ഇവിടത്തെ വില കണക്കാക്കിയാൽ അതിൽ നിന്നും എത്രയോ കൂടുതൽ വിലയ്ക്കാണു് കച്ചവടക്കാർ ഇവിടെ വിൽക്കുന്നതു്. അതുകൊണ്ടു് എനിക്കു് ഗവണ്മെന്റിനോടു് പറയുവാനുള്ളതു് ഈ ക്യാറ്റിൽ ഫോഡർ ന്യായമായ വിലയ്ക്കു് ജനങ്ങൾക്കു് കിട്ടുന്നതിനു് പ്രൈസ് കൺട്രോൾ ഏർപ്പെടുത്തി ഇതിന്റെ വില നിയന്ത്രിക്കേണ്ടതു് വളരെ ആവശ്യമായിത്തീർന്നിരിക്കുന്നു എന്നാണു്. നമ്മുടെ സംസ്ഥാനത്തു നിന്നു് വളം അയയ്ക്കൽ സംസ്ഥാനമായ മദ്രാസിലേക്കു് ലാറിക്കണക്കിനു് കൊണ്ടുപോകുന്നുണ്ടു്. ഇവിടെ നമ്മുടെ കൃഷിക്കാക്കു വിതരണം ചെയ്യേണ്ട വളം ഇന്നു മദ്രാസു് സംസ്ഥാനത്തു് വിറ്റഴിക്കുകയാണു ചെയ്യുന്നതു്. ഇവിടെ ചെക്കുപോസ്റ്റുകളുണ്ടെങ്കിലും അവിടെയുള്ള ഉദ്യോഗസ്ഥന്മാർ ഇതിനു കൂട്ടുനിന്നു വളം കടത്തിക്കൊണ്ടുപോകുകയാണു് ഇന്നു ചെയ്യുന്നതു്. അതുകൊണ്ടു് എനിക്കു് ഒരു കാര്യം ഗവണ്മെന്റിനോടു് പറയുവാനുള്ളതു്, ഈ ചെക്കുപോസ്റ്റുകളിലെ ഉദ്യോഗസ്ഥന്മാർ അതാതു സ്ഥലത്തെ ആഫീസുകളുടെ വാടക കൊടുക്കണമെന്നാണു്. അല്ലെങ്കിൽ അതാതു സ്ഥലത്തെ വാടക ഈ ഉദ്യോഗസ്ഥന്മാരിൽ നിന്നു ഈടാക്കണം. അത്രയും ഏറ്റവും ഹീനമായ ഒരു പ്രവർത്തിയാണു് ഈ ചെക്കുപോസ്റ്റുകളിലെ ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതു്. നമ്മുടെ സംസ്ഥാനത്തുള്ള വളം ഇന്നു ധാരാളമായി അയൽ സംസ്ഥാനത്തിലേക്കു് കടത്തിക്കൊണ്ടുപോകുന്നുണ്ടു്. അടിയന്തിരമായി ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ ഉദ്ദേശിച്ച വിധത്തിൽ ഈ രാജ്യത്തു് വളം ഉപയോഗിച്ചു കൃഷി നടത്താൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതി വന്നുചേരുമെന്ന അഭിപ്രായം എനിക്കുണ്ടു്. ഭക്ഷ്യധാന്യങ്ങളുടെ വിതരണം വില നിയന്ത്രിക്കുന്നതിനു വേണ്ടി കോവാപ്പറേറ്റീവു് രംഗങ്ങളിൽക്കൂടി വ്യാപിപ്പിക്കണമെന്നുള്ളതു് ഒരു അഖിലേൻഡ്യാ തത്വമാണു്. ഈ സംസ്ഥാനത്തുള്ള നിലയെന്താണെന്നു വച്ചാൽ മിക്ക സാധനങ്ങളും കച്ചവടക്കാർ അവർക്കിഷ്ടമുള്ള വിലയ്ക്കാണു് വിൽക്കുന്നതു്. അതു് കൊണ്ടു് കോവാപ്പറേറ്റീവു് സൊസൈറ്റികളിൽക്കൂടി ജനങ്ങൾക്കു നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യാനുള്ള പരിശ്രമം നടത്തണമെന്നു് ഞാൻ ഈ അവസരത്തിൽ ഗവണ്മെന്റിനോടു് വിനീതമായി അഭ്യർത്ഥിക്കുകയാണു്. ഇവിടെ പമ്പു സെറ്റുകളുടെകാര്യം പറയുകയുണ്ടായി. നമ്മുടെ ജനങ്ങൾക്കാവശ്യമായ വിധത്തിലുള്ള മാഡൽ പമ്പുസെറ്റുകൾ, ഈ നാട്ടിൽ ഉപയോഗിക്കാൻ സാധിക്കത്തക്കരീതിയിലുള്ള പമ്പുസെറ്റുകൾ ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

കിട്ടാൻ പ്രയാസമുണ്ട്. ആ പ്രയാസം അവസാനിപ്പിക്കാൻ ഗവണ്മെൻറ് വേണ്ട നടപടി സ്വീകരിക്കണം. ആ കാര്യത്തിൽ ശരിയായ ശ്രദ്ധ പതിപ്പിക്കണമെന്ന ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ എനിക്ക് വേറൊരു കാര്യം കൂടി പറയുവാനുണ്ട്. റൈസ് മില്ലുകൾ ഗവണ്മെൻറ് ഏറ്റെടുക്കുന്നതിനോട് ഞാൻ യോജിക്കുന്നില്ല. ഇന്ന ചെറിയ തോതിൽ നമ്മുടെ നാട്ടിൽ പല ഭാഗങ്ങളിലും റൈസ് മില്ലുകൾ നടത്തുന്നുണ്ട്. പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം അവരും ഈ വ്യവസായരംഗത്തു വളരെ ആവശ്യമാണ്. അതുകൊണ്ട് അതു ഏറ്റെടുക്കാൻ ഗവണ്മെൻറ് വ്യഗ്രതകാണിക്കരുതെന്നപേക്ഷിച്ചുകൊണ്ട് ഞാൻ എൻറെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സി. എ. മാത്യു: മാഡം, ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുകയാണ്. ഈ ഡിമാൻറിനെ വിമർശിച്ചുകൊണ്ട് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പ്രധാനമായും അരിവില നമ്മുടെ സംസ്ഥാനത്തു് നിയന്ത്രിക്കുന്ന കാര്യത്തിൽ ഈ ഗവണ്മെൻറ് വേണ്ടിടത്തോളം വിജയിച്ചിട്ടില്ലെന്നുള്ള ആക്ഷേപമാണ് ഉന്നയിച്ചതു്. ഈ ആക്ഷേപം വസ്തുതകൾക്ക് നിരക്കാത്തതാണെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, നമ്മുടെ സംസ്ഥാനം അരിയുടെ കാര്യത്തിൽ ഒരു കമ്മി സംസ്ഥാനമാണെന്നു പറഞ്ഞറിയിക്കേണ്ട യാതൊരു ആവശ്യവുമില്ലല്ലോ. ഏതാണ്ട് 10 ലക്ഷം ടൺ അരിയുടെ കുറവു നമുക്ക് ആണ്ടിനാൽ അനുഭവപ്പെടുന്നുണ്ട്. ഈ കുറവു് നികത്തുന്നതിനുവേണ്ടി ഗവണ്മെൻറ് പ്രധാനമായും രണ്ടു രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഗവണ്മെൻറ് നേരിട്ട് സെൻട്രൽ അലോട്ട്മെൻറിൽ നിന്നു കിട്ടുന്ന അരി ഈ സംസ്ഥാനത്തുള്ള ഏതാണ്ട് 6200 ന്യായവിലഷാപ്പുകളിൽ കൂടി 27 ലക്ഷത്തോളം കാർഡുടമകൾക്ക് വിതരണംചെയ്യുകാര്യക്ഷമമായ തരത്തിൽ വില നിയന്ത്രിക്കുന്നതിനും പരിശ്രമിക്കുകയാണ്. അതോടൊപ്പംതന്നെ ഇവിടെ ട്രേഡു് അക്കൗണ്ടിൽ സഹകാര്യ കച്ചവടക്കാർക്ക് ധാരാളം സൗകര്യങ്ങൾ നൽകിക്കൊണ്ട് ഇവിടത്തെ അരിയുടെ കമ്പോള നിരക്ക് നമ്മുടെ അയൽ സംസ്ഥാനത്തേക്കാൾ വർദ്ധിച്ചുപോകാതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഗവണ്മെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ രണ്ടു കാര്യങ്ങളുടേയും ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി നിശ്ശബ്ദനായിട്ട് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നു എനിക്കഭിപ്രായമുണ്ട്. ഞാൻ വാസ്തവത്തിൽ ഈ കാര്യത്തിൽ അദ്ദേഹത്തെ അനുമോദിക്കുകയാണ് ചെയ്യുന്നതു്. ഇവിടെ അരിയുടെ വില വർദ്ധിച്ചു എന്നു നാം പറയുമ്പോൾ അതേ സമയം ആന്ധ്രായിലേയും മദ്രാസ് പ്രദേശത്തേയും അരിവിലയുമായി നാം ഒന്നു താരതമ്യപ്പെടുത്തി നോക്കേണ്ടതുണ്ട്. കഴിഞ്ഞ കുറേ മാസങ്ങളിലെ കണക്കു വച്ചു പരിശോധിച്ചാൽ ആന്ധ്രാ മാർക്കറ്റിനേക്കാൾ കൂടുതലായിട്ടുള്ള ഒരു കമ്പോള നിരക്ക് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ലെന്നു കാണാവുന്നതാണ്. അതിൻറെ വിശദാംശങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. ആന്ധ്രായിൽ അരി ലഭിക്കുന്ന വിലയ്ക്ക് അതിൻറെ ട്രാൻസ്പോർട്ടു ചാർജസും അതുപോലെതന്നെ ന്യായമായ ഒരു ലാഭവും കച്ചവടക്കാർ എടുത്താൽ എത്രത്തോളം വില ഇവിടെ അരിക്കു വരുമോ ആ വിലയ്ക്ക് നമുക്ക് ഇവിടെ അരി ലഭിക്കുന്നുണ്ട് എന്നുള്ളതാണ് പരമാർത്ഥം. ആന്ധ്രായിലും മദ്രാസിലും അരിവില വർദ്ധിച്ചതിൻറെപേരിൽ, ഇവിടേയും പ്രത്യേകമായിട്ട് ചില കാരണങ്ങൾ അതിനുണ്ട്, അതിൻറെ പേരിൽ ഇവിടെ അരിവില വർദ്ധിക്കുന്നു എന്നുള്ളതിനെ മുൻനിറുത്തി, ഈ ഗവണ്മെൻറിൻറെ നടപടികളെ ആക്ഷേപിക്കുന്നതു് ഒരിക്കലും ശരിയല്ല. സർ, കഴിഞ്ഞ വർഷത്തെ സെൻട്രൽ അലോട്ട്മെൻറ് അരിയുടെ അളവ് നീക്കിക്കഴിഞ്ഞാൽ 1961–62–ൽ ഏതാണ്ട് അര ലക്ഷം ടൺ അരി കൂടുതലായി ലഭിച്ചതു് ശ്രീ. തമ്പി സൂചിപ്പിക്കുകയുണ്ടായി. 1960–64 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ 1961–62–ൽ 2,45,000 ടൺ അരി നമുക്ക് ആന്ധ്രായിൽ നിന്നു ലഭിച്ചിട്ടുള്ളതായി കാണാൻ കഴിയുന്നുണ്ട്, മറ്റുള്ള വർഷങ്ങളിലെല്ലാം ഏതാണ്ട് 2,15,000

LIBRARY ARCHIVES Kerala Legislative Assembly

ടണ്ണാണ് ലഭിച്ചുകൊണ്ടിരുന്നത്. ആകെ വരുന്ന കുറവിന്റെ നാലിലൊന്നു മാത്രമേ ആകുന്നുള്ളു ഇത്ര് എന്നുള്ള ആക്ഷേപം ഇവിടെ ഉന്നയിച്ചുകേട്ടു. കൂടുതൽ അലോട്ടുമെന്റ് വർദ്ധിപ്പിക്കണമെന്നുള്ളരീതിയിലുള്ള ആവശ്യം ഇവിടെ ഉന്നയിക്കുകയുണ്ടായി. അതു ഗവണ്മെന്റിന്റെ നയപരമായ കാര്യത്തെ മുൻനിറുത്തിയുള്ളതാണ്. ഗവണ്മെന്റ് അരിയുടെ കാര്യത്തിൽ പരിപൂർണ്ണമായ കൺട്രോൾ ഏർപ്പെടുത്തണമെന്നുള്ള നിലയിൽ ഇവിടെ ആരും വാദഗതി ഉന്നയിച്ചില്ല. ഏങ്കിലും കൂടുതലായിട്ടുള്ള അരി ഇവിടെ ലഭിക്കത്തക്കരീതിയിൽ പ്രവർത്തിക്കേണ്ടതു് ഏറ്റവും അഭികാമ്യമാണെന്നുള്ള അഭിപ്രായം എനിക്കുണ്ടു്. കേന്ദ്രഭക്ഷ്യ മന്ത്രി ഈ കാര്യത്തിൽ വളരെയധികം ശ്രദ്ധ ചെലുത്തുന്നുണ്ടു് എന്നുള്ള കാര്യവും നാം ഒരിക്കലും വിസ്മരിച്ചുകൂടാ. അതുപോലെതന്നെ കച്ചവടക്കാർവഴി നമുക്കു കിട്ടുന്ന അരിയും ഇപ്പോൾ കൂടി കൂടി വരികയാണു്. 1960-61-ൽ 6,96,000 ടൺ അരി നമുക്കു കിട്ടി. ഈ കൊല്ലം എട്ടുലക്ഷം ടൺ അരി കച്ചവടക്കാർ മുഖാന്തിരം ലഭിക്കാൻ ഇടയായി. അതു പ്രധാനമായി ഈ ഗവണ്മെന്റു് കൂടുതൽ സൗകര്യങ്ങളുണ്ടാക്കിക്കൊടുത്തതുകൊണ്ടാണു്. വാഗൺ സൗകര്യം വേണ്ടിടത്തോളം ലഭിക്കുന്നില്ലെന്നുള്ള ആവലാതി ഇവിടെ ഉന്നയിച്ചുകേട്ടു. അടുത്തകാലത്തെ നിലവച്ചുനോക്കിയാൽ ഏതാണ്ടു ദിനംപ്രതി എന്നോണം 30 വാഗൺ അരി കൊണ്ടുപോകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു്. വിജയവാഡായിൽ ഇതിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി അയച്ചു് എല്ലാ റയിൽവേകേന്ദ്രങ്ങളിലും വേണ്ടിടത്തോളം ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായിട്ടു വാഗൺ സൗകര്യം കൂടുതലായി ഉണ്ടാക്കുന്നതിനു നമ്മുടെ ഗവണ്മെൻറിനു കഴിഞ്ഞിട്ടുണ്ടെങ്കിൽ അതു തീർച്ചയായും ഏറ്റവും അഭികാമ്യമായ ഒരു നിലയാണു്. ഏതായാലും ഈ കാര്യത്തിൽ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം, ബഹുമാനപ്പെട്ട മന്ത്രിയെ സംബന്ധിച്ചിടത്തോളം ഏറ്റവും സത്വരമായ, കാര്യക്ഷമമായ നടപടികളും ആവിഷ്കരിച്ചിട്ടുണ്ടു്.

അരിവില നിയന്ത്രിക്കുന്ന കാര്യത്തിൽ ആന്ധ്രയും, മദ്രാസുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഈ ഗവണ്മെൻറു് വിജയിച്ചിട്ടുണ്ടെന്നു് ഒരിക്കൽകൂടി ഞാൻ എടുത്തു പറയുകയാണു്. ന്യായവിലഷാപ്പുകളിൽകൂടിയുള്ള അരി വിതരണത്തെക്കുറിച്ചു് വളരെയധികം ആവലാതികളുണ്ടു്. ആ കാര്യത്തിൽ ഗവണ്മെൻറു് പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ പറയുകയാണു്. അരി വിതരണത്തിനു നൽകുന്നതു മുഴുവനും കാർഡുടമകൾക്കു വിതരണം ചെയ്യുന്നതിനു പലപ്പോഴും കട ഉടമസ്ഥന്മാർ പരിശ്രമിക്കാറില്ല. എന്താണു സഹകരണ സംഘത്തിൽ കൂടി ഈ അരി വിതരണം ചെയ്യുന്നതിനു ഗവണ്മെൻറു് കുറച്ചുകൂടി ശ്രദ്ധിക്കാത്തതെന്നു ഞാൻ ചോദിക്കുകയാണു്. ഇവിടെ ഫെർട്ടിലൈസേഴ്സ് കൊടുക്കുന്ന രീതിയിൽ അരി വിതരണം നടത്തിയാൽ കൃഷിക്കാർക്കു കുറച്ചുകൂടി പ്രോത്സാഹനം കിട്ടാൻ സാധിക്കും. ഗവണ്മെൻറു് കർശനമായിട്ടുള്ള അന്വേഷണം ഇക്കാര്യത്തിൽ ഇനിയും നടത്തേണ്ടിയിരിക്കുകയാണു്. പരിശോധനയെ സംബന്ധിച്ചിടത്തോളം കാര്യക്ഷമമാകുന്നില്ല ന്യായവിലഷാപ്പുകളിൽ. കാരണം റവന്യൂ ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്നു സമ്മതിക്കുന്നുണ്ടെങ്കിലും പലപ്പോഴും എല്ലാ ആഴ്ചയിലും വേണ്ടിടത്തോളം ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തുന്നതിനു ഗവണ്മെൻറിനു് കഴിയുന്നില്ല. കുറക്കാരെ ശിക്ഷിക്കുന്ന കാര്യത്തിലും ഗവണ്മെൻറു് കൂടുതൽ ശ്രദ്ധകാണിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയവും സാമുദായികവുമായ പരിഗണന ഈ വക കാര്യങ്ങളിൽ കൂട്ടിചെലുത്തുന്നതു് ഈ രാജ്യത്തെ സാധാരണക്കാരായ ആളുകളുടെ താൽപ്പര്യത്തിനു് അനുയോജ്യമല്ലെന്നകാര്യം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുകയാണു്. ഏതായാലും കാർഡുടമകൾക്കു മുഴുവനായിട്ടു അരി ലഭിക്കുന്നതിനുവേണ്ടി കച്ചവടക്കാർ ആ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുവേണ്ടി കർശനമായ ശിക്ഷണ നടപടികളും ഗവണ്മെൻറു് സ്വീകരിക്കണമെന്നു ഞാൻ ഓർമ്മപ്പെടുത്തുകയാണു്. പഞ്ചസാരയെ സംബന്ധിച്ചിടത്തോളം നാം വളരെയധികം പ്രയാസത്തിൽ കഴിഞ്ഞുകൂടുന്ന ഒരവസ്ഥയാണു് വന്നിട്ടുള്ളതു് എന്നു് സൂചനകൾകൊണ്ടു് കാണുന്നുണ്ടു്. ഏതാണ്ടു് ആറായിരം ടൺ പഞ്ചസാര മാസം

12 noon]

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എ. മാത്യു]

തോറും സെൻട്രൽ അലോട്ടുമെന്റിൽ നിന്നു കിട്ടുന്നുണ്ട്. അതു് മതിയാകാതിരിക്കുകയാണു്. ആയിരം ടൺ പഞ്ചസാരകൂടി നമുക്കു് വേണ്ടിവരും. ഇതു കൂടുതലായി ലഭിക്കുന്നതിനു് ഗവണ്മെന്റു് പരിശ്രമിക്കുന്ന തോടൊപ്പം ഇന്നു പഞ്ചസാരയുടെ കുറവിനെ പരിഗണിച്ചു് സെൻട്രൽ ഗവണ്മെന്റു് 5 ശതമാനം കോട്ടായിൽ കുറവുവരുത്തുന്നതിനു് തീരുമാനമെടുത്തു എന്നറിയുന്നു. ഇവിടെത്തെ കുറവു പ്രത്യേകം സൂചിപ്പിച്ചുകൊണ്ടു് ഇവിടെ ഒരിക്കലും കുറവു വരുത്താതിരിക്കുന്നതിനും നമുക്കു് ഇന്നു് അനുഭവപ്പെട്ടുന്ന കുറവു് നീക്കുന്നതിനും വേണ്ടി ഗവണ്മെന്റു് കർശനമായ നടപടികളും സ്വീകരിക്കേണ്ടിയിരിക്കുകയാണു്. തീർച്ചയായിട്ടും കേന്ദ്രഗവണ്മെന്റിൽ കൂടുതലായിട്ടുള്ള സമ്മർദ്ദം ചെലുത്തി ഈ രംഗത്തുള്ള കുറവു പരിഹരിക്കുന്നതിനു് ഗവണ്മെന്റു് പരിശ്രമിക്കണം. പഞ്ചസാര മാർക്കറ്റിൽ വില നിയന്ത്രിക്കുന്നതിനുവേണ്ടി ഈ അടുത്തകാലത്തു് ഗവണ്മെന്റിനു് വലുതായിട്ടു് ഒന്നും ചെയ്യാൻ കഴിയുന്നില്ല എന്നുള്ളതാണു് വസ്തുത. 120 രൂപ ഒരു ചാക്കു് പഞ്ചസാരയ്ക്കു വിലയുള്ളപ്പോൾ പലപ്പോഴും 260 ഉറുപ്പിക വരെ വില വർദ്ധിക്കുന്നതായിട്ടാണു് അനുഭവം. ഇതു പ്രധാനമായിട്ടും പഞ്ചസാര കച്ചവടക്കാർക്കു് വിതരണം ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധിക്കാതെ വരുന്ന അപകടമാണു്. ഈ വിലക്കൂടുതൽ പരിഹരിക്കുന്നതിനുവേണ്ടിയിട്ടു് ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെതന്നെ കുറഞ്ഞ വരുമാനക്കാർക്കു വളരെ ചെറിയ തോതിൽ മാത്രമേ പഞ്ചസാര കൊടുക്കുന്നുള്ളൂ 150 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവർക്കു് 1 കിലോ എന്ന കിണക്കിനാണു് പഞ്ചസാര വിതരണം ചെയ്യുന്നതു്. സാധാരണക്കാരന്റെ ജീവിതം ശരിക്കു മനസ്സിലാക്കിയിട്ടുള്ള ആളുകൾക്കു് ഒരു ചെറിയ കുടുംബത്തിനുപോലും ഈ ഒരു കിലോ പഞ്ചസാര മതിയാവുകയില്ലെന്നറിയാം. ഇന്നു് ഹോട്ടലുടമകൾക്കും മറ്റു് അതുപോലെ കൂടുതൽ പഞ്ചസാര ഉപയോഗിക്കുന്നവർക്കും ആവശ്യംപോലെ പഞ്ചസാര ലഭിക്കുന്നുണ്ടു്. എങ്കിലും സാധാരണ ജനങ്ങൾക്കു് ഏറ്റവും കുറഞ്ഞരീതിയിലുള്ള നിരക്കിലാണു പഞ്ചസാര ലഭിക്കുന്നതു്. ഏറ്റവും കുറഞ്ഞ വരുമാനക്കാർക്കു കൂടുതലായി പഞ്ചസാര കൊടുക്കുന്നതിനു് ഗവണ്മെന്റു് ശ്രദ്ധിച്ചാൽ ഒരുകൊല്ലംകൊണ്ടു് ഗവണ്മെന്റിനു് വിജയിക്കാൻ കഴിയുന്നതാണു്. എന്തായാലും ഗവണ്മെന്റു് കൂടുതൽ പഞ്ചസാര ന്യായവിലഷാപ്പുകളിൽ കൂടി വിതരണം നടത്തണമെന്നും സാധാരണ ജനങ്ങൾക്കു് കൂടുതൽ പഞ്ചസാര കിട്ടുന്നതിനു് സൗകര്യമുണ്ടാക്കണമെന്നും ഈ വക കാര്യങ്ങളിൽ ഗവണ്മെന്റു് കുറച്ചുകൂടി ശ്രദ്ധിക്കുന്നതു കൊള്ളാമെന്നുമുള്ള അഭിപ്രായം എനിക്കുണ്ടു്. ഈ ഡിമാന്റിനെ അനുകൂലിച്ചുകൊണ്ടു് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്ന നടപടികളിൽ ഈ രാജ്യത്തിലെ എല്ലാ നല്ല ആളുകൾക്കും അനുഭാവവും അദ്ദേഹത്തിന്റെ നേർക്കു് നന്ദിയും ഉണ്ടെന്ന കാര്യം ഒരിക്കൽ കൂടി ആവർത്തിച്ചു പറഞ്ഞുകൊണ്ടു ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : മാഡം, 11,38,57,900 ഉറുപ്പികയാണു് സ്റ്റോറു് ടെയിഡിംഗിനുവേണ്ടി ബഹുമാനപ്പെട്ടമന്ത്രി ഈ സഭയുടെ അന്തവാദത്തിനുവേണ്ടി അവതരിപ്പിച്ചിട്ടുള്ളതു്. 11 കോടി ഉറുപ്പിക കച്ചവടത്തിനുവേണ്ടി ആവശ്യപ്പെടുന്നു എന്നു വന്നാൽ ഒരു വലിയ തെറ്റിദ്ധാരണവരും. 11 കോടി ഉറുപ്പികയുടെ കച്ചവടം ഗവണ്മെന്റു് നടത്തുന്നുണ്ടെന്നു വരും. മാഡം ഇതൊരു അത്താണി ഡിപ്പാർട്ടുമെന്റാണു്. എന്നു പറഞ്ഞാൽ വഴിയാത്ര പോകുമ്പോൾ തലയിലിരിക്കുന്ന കെട്ടു് അടുത്ത അത്താണിമേൽ വച്ചിട്ടു വിശ്രമിക്കും. അതിനുശേഷം വീണ്ടും അതെടുത്തുകൊണ്ടു പോകും. അതുമാതിരിയുള്ള ഏർപ്പാടാണു് ഇതിലുള്ളതെന്നു് വളരെ സൂക്ഷിച്ചു നോക്കിയാൽ മനസ്സിലാക്കാൻ പ്രയാസമില്ല. ഗ്രെയിൻ സപ്ലൈ സ്കീമെന്നും, മാന്യവർ സപ്ലൈ സ്കീമെന്നും, അഗ്രികൾച്ചറൽ ഇംപ്ലിമെന്റു് സപ്ലൈ സ്കീമെന്നും മൂന്നു സ്കീമുകളുണ്ടു്. ഇതിനെല്ലാം വേണ്ടി 11,25,13,000 ഉറുപ്പികയോളം നീക്കിവയ്ക്കുന്നുണ്ടു്. ഈ സംഖ്യയെല്ലാംതന്നെ മറ്റുള്ള മെറ്റീരിയൽസ് അതായതു് ടി. സി. എം. പരിപാടിയനുസരിച്ചു ലഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉപകരണങ്ങളും കൊള്ളപ്പോ പദ്ധതി അനുസരിച്ച് ലഭിക്കുന്ന ഉപകരണങ്ങളും അതുപ്രകാരം ഇന്ന് മെഡിക്കലിനു കൂടെ പുസ്തകങ്ങളും ക്യാനഡായിൽനിന്നു വാങ്ങുന്ന ഏർപ്പാടും മാത്രമേയുള്ള. പിന്നെ മിസലേനിയസ് സ്കീം എന്നു പറയുന്നതിനു 6,30,000 ഉറുപ്പികയുമാണ് അലോട്ട ചെയ്തിട്ടുള്ളതു്. ഇതെല്ലാം കൂടി ആകെ മൂന്നു ലക്ഷം ഉറുപ്പികയോളം ഗവണ്മെൻറിനു് ചെലവാക്കേണ്ടി വരും. ഇതിൽ മറ്റു ഡിപ്പാർട്ടുമെൻറുകളിൽനിന്നു് ഈടാക്കേണ്ടതെല്ലാം ഈടാക്കിക്കഴിഞ്ഞാൽ മൂന്നു ലക്ഷത്തി എണ്ണായിരം ഉറുപ്പിക ഈ ഗവണ്മെൻറ് തനതായിട്ട് തന്നെ ചെലവാക്കേണ്ടതായി വരും. ബാക്കിയെല്ലാംതന്നെ ഈടാക്കേണ്ടതായ സംഖ്യയാണു്. ഞാൻ ഇതു പറയുന്നതു് ഇതു് സങ്കുചിതമായ പരിധിയിൽനിന്നുകൊണ്ടു നടത്തേണ്ടുന്ന ഡിപ്പാർട്ടുമെൻറ് അല്ല എന്നുള്ളതുകൊണ്ടാണു്. മാഡം, വളരെ പ്രധാനമായും പല സുഹൃത്തുക്കളും അരി കച്ചവടത്തെ സംബന്ധിച്ചിടത്തോളം പറയുകയുണ്ടായി. നമ്മുടെ സ്റ്റോറ് ഗവണ്മെൻറിൻെറ കണക്കനുസരിച്ച് ചുരുങ്ങിയതു് 20 ലക്ഷം ടൺ അരിയെങ്കിലും അതിനാവശ്യമാണു്. അതിൽ 10 ലക്ഷം ടണ്ണോളം അരി ഇവിടെ ഉണ്ടാക്കാൻ കഴിഞ്ഞാൽ ബാക്കിയുള്ള 10 ലക്ഷത്തിൽ 2,35,000 ടൺ ഇൻഡ്യാ ഗവണ്മെൻറിൽനിന്നും ന്യായവിലഷാപ്പുകൾവഴി വിതരണം ചെയ്യുന്നതിനു ലഭിക്കുന്നുണ്ടു്. ഒട്ടാകെ എട്ടു ലക്ഷം ടൺ സ്വകാര്യ മാഗ്ഗങ്ങളിൽകൂടി കച്ചവടക്കാരാണു് ഇന്നു് ഇവിടെ വരുത്തുന്നതു്. 1962 മാർച്ചു് 31–ാം തീയതിക്കുശേഷമുള്ള കണക്കു് കൈയിലില്ലാത്തതുകൊണ്ടു് അതിൻെറ സ്ഥിതി എന്താണെന്നു് അറിഞ്ഞുകൂടാ. ഒടുവിൽ അവൈലബിളായിട്ടുള്ള റിപ്പോർട്ടുവച്ചു നോക്കിയപ്പോൾ 7,63,000 ടൺ അരി സ്വകാര്യ കച്ചവടക്കാർ വരുത്തുന്നുണ്ടെന്നു തോന്നുന്നു. സ്വാഭാവികമായും ഇതു് സതേൺ സോണിൽ നിന്നും മൈസൂർ, മദ്രാസ്, ആന്ധ്ര ഇവിടെ നിന്നാണു വന്നിട്ടുള്ളതു്. അപ്പോൾ ഞാൻ പറയുന്നതു പ്രമുഖമായും ഇവിടെ മറ്റു രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടുന്ന അരി ഗവണ്മെൻറ് ഏതെങ്കിലും വിധത്തിൽ വരുത്തുന്നില്ല എന്നാണു്. അതിൻെറ ഫലമായിട്ടു് ന്യായവിലഷാപ്പുകളിൽകൂടി ഇന്നു കൊടുത്തുവരുന്നതായ അരിവിതരണം ചെയ്യുകഴിഞ്ഞാൽ അതിൽ സ്വാധീനം ചെലുത്തിക്കൊണ്ടു മറ്റു സ്വകാര്യ കമ്പോളങ്ങളിൽ വിലവർദ്ധിക്കാതിരിക്കുമെന്നാണു് ഗവണ്മെൻറ് കരുതുന്നതു്. എന്നാൽ ഇന്നത്തെ അനുഭവം അതല്ല. ഓരോ ദിവസം കഴിയുന്തോറും വില കൂടിക്കൂടിവരികയാണു്. സർ, ശ്രീ. സി. എച്ച്. മാത്യു പറയുകയുണ്ടായി കേരളത്തിൽ 27 ലക്ഷം കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്നു്. ആ കണക്കു് ശരിയാണു്. 27 ലക്ഷം കാർഡുകൾ 6,200 ന്യായവിലഷാപ്പുകൾമുഖേന വിതരണം ചെയ്യുന്നുണ്ടെന്നതു് ശരിയാണു്. കണ്ണൂർ ജില്ലയിൽ ഞാൻ പറയാം, മൂന്നു ലക്ഷം കാർഡുകളാണുള്ളതു്. അവിടെ 387 ന്യായവിലഷാപ്പുകളുണ്ടു്. പലപ്പോഴും ആയിരമെന്നും ഒക്കെപ്പറയും. തളിപ്പറമ്പ താലൂക്കിൽ മലയോരപ്രദേശത്തു ലക്ഷക്കണക്കിനാളുകൾ താമസിക്കുന്ന പ്രദേശത്തു ന്യായവിലഷാപ്പില്ല.

ശ്രീ. ഈ. പി. പൗലോസ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ഥലത്തൊക്കെ ന്യായവിലഷാപ്പുകൾ അനുവദിച്ചു് ഇന്നലെ ആർഡർ കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഇന്നലെയെങ്കിലും ആർഡർ കൊടുത്തതിൽ സന്തോഷിക്കുകയാണു്. സർ, ആ പ്രദേശങ്ങളാണെങ്കിൽ ഗതാഗതസൗകര്യമില്ലാത്തതാണു്. പട്ടണത്തിൽനിന്നു് അരിയും മറ്റു സാധനങ്ങളും വാങ്ങിക്കൊണ്ടുവരാൻതന്നെ വളരെ പ്രയാസമാണു്. അവിടെ കച്ചവടക്കാർ കൊണ്ടുവന്നാൽ പട്ടണങ്ങളിൽ കിട്ടുന്നതിൻെറ ഇരട്ടിയും മൂന്നിരട്ടിയും വില കൊടുക്കണം. മുമ്പു് ഈ പ്രദേശങ്ങളിൽ ഫ്യൂജിറ്റീവു് കൺട്രോൾ മാത്രമാണു് ഉണ്ടായിരുന്നതു്. ഇന്നു് എസ്റ്റേറ്റുകൾ വന്നതോടുകൂടി ഫ്യൂജിറ്റീവു് cultivation ഇല്ലാതായിക്കഴിഞ്ഞിരിക്കുകയാണു്. അതുകൊണ്ടു ബഹുമാനപ്പെട്ടമന്ത്രി ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്നു ഞാൻ പറയുകയാണു്. ഇന്നു് എസ്. ടി. സി. ഉണ്ടെങ്കിലും അതിൻെറ പ്രവർത്തനം അത്ര തൃപ്തികരമല്ല. അവർക്കു് ഏജൻസി മുഖേന വാങ്ങുന്നതിനുള്ള ഏർപ്പാടില്ല. അലംകാരക്കടകൾ വിൽക്കുന്നതിനു വളരെ പ്രയാസമുണ്ടു്. അവർക്കു് അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

സാധനത്തിനു ന്യായമായ വില കിട്ടുന്നില്ല. ഈ മലംചരക്കുകൾ വിദേശങ്ങളിലേക്ക് കയറ്റി അയച്ചാൽ ധാരാളം ഫോറിൻ എക്സ്ചേഞ്ച് കിട്ടുന്നതാണ്. ആ കാര്യത്തിലും ഗവണ്മെന്റ് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഞങ്ങളുടെ നാട്ടിൽ കട്ടിക്കാലത്ത് സാധാരണ നാട്ടിൻപുറങ്ങളിൽ കട്ടികൾ മകരം, കുംഭം, മീനം ഈ മാസങ്ങളിൽ കാഞ്ഞിരക്കുരു പെറുക്കുന്ന സംപ്രദായമുണ്ട്. ഇവിടെ കശുവണ്ടി പെറുക്കുന്നതുപോലെ. ഈ കാഞ്ഞിരക്കുരു പെറുക്കിക്കൊണ്ടുവന്നിട്ട് ഉണക്കി പീടികക്കാർക്ക് കൊടുക്കും. അങ്ങനെ കാശു കിട്ടും. അതു വിദേശങ്ങളിലേക്ക് കയറ്റി അയയ്ക്കും. അങ്ങനെ നല്ല വരവുണ്ടായിരുന്നു. ഇന്ന് അതു് കടകളിൽ എടുക്കുന്നില്ല. അതുകൊണ്ട് സ്റ്റോറ്റ് ടെയിഡിംഗ് കാർപ്പറേഷനോ മറേറാ രൂപീകരിച്ച് ഗവണ്മെൻറ് അലോട്ട്മെൻറ് നൽകി ഇതു് പ്രോത്സാഹിപ്പിക്കണം. ഇല്ലെങ്കിൽ മലംചരക്കുകൾ വിലകിട്ടാതെ നശിച്ചുപോകാൻ ഇടയുണ്ട്. പ്രകൃതി അനുഗ്രഹിച്ച കേരളത്തിന്റെ മലംപ്രദേശങ്ങളിൽ—വനങ്ങളിൽ—ഒട്ടധികം വൃക്ഷങ്ങളിൽനിന്നുള്ള കായ്കളും ഇന്ന് വിലകിട്ടാതെ ഉപയോഗപ്പെടുത്താൻ സാധിക്കാതിരിക്കുകയാണ്. അതുകൊണ്ട് ഞാൻ പറയുന്നതു് കാഞ്ഞിരക്കുരുവിന്റെ കാര്യത്തിലും, മരച്ചീനിയുടെ കാര്യത്തിലും പുൽത്തൈലത്തിന്റെ കാര്യത്തിലും എല്ലാം പ്രത്യേകമായി ശ്രദ്ധ ചെലുത്തുകയും കച്ചവടത്തിന്റെ വ്യാപ്തി കുറെക്കൂടി വ്യാപകമായ നിലയിൽ വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടാക്കുകയും ചെയ്യണമെന്നു ഞാൻ ഗവണ്മെൻറിനോടാവശ്യപ്പെടുകയാണ്. പഞ്ചസാരയെ സംബന്ധിച്ചിടത്തോളം ഇവിടെ എന്റെ ചില സുഹൃത്തുക്കൾ സംസാരിക്കുകയുണ്ടായി. ഇന്നു പഞ്ചസാര എനിക്കാണെങ്കിൽ അഞ്ചു കിലോകിട്ടുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഞങ്ങൾക്ക് രണ്ടു കിലോ മാത്രമേ കിട്ടുന്നുള്ളൂ.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : എന്റെ വീട്ടിൽ 5 കിലോ കിട്ടുന്നുണ്ട്. ധാരാളം പേർ ഉണ്ട്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : എനിക്ക് രണ്ടു കിലോ മാത്രമേ കിട്ടുന്നുള്ളൂ. അപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന മെമ്പർക്ക് 5 കിലോ കിട്ടുന്നുണ്ടെങ്കിൽ പിന്നെയും പരാതി പറയുന്നതെന്തിനാണ് ?

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : എന്റെ തറവാട്ടിൽ ധാരാളം അംഗങ്ങളുണ്ട്. എല്ലാംകൂടി പത്തുമുപ്പതു് ആളുകൾക്കുകൂടി കിട്ടുന്നതാണ് ഈ 5 കിലോ പഞ്ചസാര. ഇന്നൊരു തെറ്റിദ്ധാരണയുണ്ടെന്നു തോന്നുന്നു കൂടുതൽ ശമ്പളം വാങ്ങുന്ന ആളുകൾക്ക് കൂടുതൽ പഞ്ചസാര ആവശ്യമുണ്ടെന്നു്. വാസ്തവത്തിൽ മറ്റു സാധുക്കളായ ആളുകളാണ് അധികം പഞ്ചസാര ഉപയോഗിക്കുന്നതു്. പാടത്തിൽ പണിയെടുക്കുന്ന തൊഴിലാളിയും, ഫാക്ടറിയിൽ പണിക്കുപോകുന്ന തൊഴിലാളിയും എല്ലാം പഞ്ചസാരവാങ്ങി ഒരു കപ്പു ചായ കുടിച്ചിട്ടാണ് അവരുടെ പണിക്കുപോകുന്നതെന്നു് ഞങ്ങളെപ്പോലുള്ളവർക്ക് അറിയാം. സർ, അമ്പലം വിഴുങ്ങുന്ന സംപ്രദായംവരെ ഈ നാട്ടിൽ നടക്കുമ്പോൾ പാവപ്പെട്ട ഒരു തൊഴിലാളി കാൽ റാത്തൽ പഞ്ചസാര വാങ്ങി അതു് വേറൊരാളിനു കൊടുത്തുപോയാൽ അതു് അത്ര പാപമായിട്ടു കണക്കാക്കാതെ അവർക്ക് ന്യായമായ പഞ്ചസാര ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതുണ്ട്. അതിനുള്ള വ്യവസ്ഥകൾ ഇന്നുണ്ടോ ? കേരള ഷുഗർ ഡീലേഴ്സ് ലൈസൻസിംഗ് ആർഡറും, ഷുഗർ മൂവ്മെൻറ്സ് കൺട്രോൾ ആർഡറും ഇന്നുണ്ടോ എന്നു് എനിക്കറിയില്ല. ഇതു് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഇതു് ഇന്നു നിലവിലില്ലെങ്കിൽ അതു് ഉണ്ടാക്കണം.

ശ്രീ. ഈ. പി. പൗലോസ് : പഞ്ചസാരയ്ക്ക് കൺട്രോളുണ്ട്. അതനുസരിച്ചാണ് ലൈസൻസ് കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, ഇവിടെ റൈസ് മില്ലിനെ പ്പറ്റി പറഞ്ഞു. ഇതിൽ എറണാകുളം, ആലപ്പുഴ, തൃശ്ശൂർ ഇവിടങ്ങളിലാണ് മുക്കാൽ ഭാഗവും പോകുന്നത്. കോഴിക്കോട്ടം കണ്ണൂരുംകൂടി 120 റൈസ് മില്ലുകളും മാത്രമേയുള്ള സർ, കൂടുതൽ വേണമെന്നല്ല പറയുന്നത് ഒന്നുരണ്ട് ഉദാഹരണങ്ങളും പറയാം. ഖാദി ആൻറ് വില്ലേജ് ബോർഡ് ഉണ്ട്. അതിൽ ഞാൻ ഒരു മെമ്പറാണ്. സാധാരണ ഈ സ്ഥാപനത്തിനു ഗ്രാൻറ് കൊടുക്കാറുണ്ട്. കൈക്കുത്തരിക്കുവേണ്ടിയിട്ട് ആയിരക്കണക്കിനു രൂപകൊടുക്കും. ഇതിനു ലൈസൻസ് കൊടുക്കുന്നതിൽ കുറെ രാഷ്ട്രീയം ഉണ്ടോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഉണ്ടെന്നാണ് തോന്നുന്നത്. കാരണം ലൈസൻസിന്റെ കാര്യത്തിൽ വളരെ ആവശ്യമുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ചും ഭരണകക്ഷിയിൽപ്പെട്ട ആളുകളും അല്ലാത്തവർ ലൈസൻസിനു അപേക്ഷ കൊടുത്തിട്ടുണ്ടെങ്കിൽ അതിനുശേഷം മാസങ്ങളും കഴിഞ്ഞു ഭരണകക്ഷിയിൽപ്പെട്ട ആളുകളും ലൈസൻസിനു അപേക്ഷ കൊടുത്തുകഴിഞ്ഞാൽ അവർക്ക് ഉടനെ ലൈസൻസ് കൊടുക്കും. അതിന്റെ ഫലമായിട്ട് എന്താണ് ഉണ്ടാകുന്നത്; അങ്ങേയറ്റത്തെ അതൃപ്തി നാട്ടുകാരിൽ ഉണ്ടാകുന്നു. ഇങ്ങനെ കുറെ ഉദാഹരണങ്ങളും എന്റെ അറിവിൽത്തന്നെയുണ്ട്. ഞാൻ ഇതു സംബന്ധിച്ച് യാതൊരു പരാതിയും ഗവണ്മെൻറിനു നൽകിയിട്ടില്ല. സർ, ശ്രീ. ബലറാം പറഞ്ഞതുപോലെ ചില പ്രദേശങ്ങളിൽ മലയോര പ്രദേശങ്ങളിൽ മില്ലുടമസ്ഥന്മാർ കെയ്ത്തു കഴിഞ്ഞാൽ നെല്ല് ചുരുങ്ങിയ വിലയ്ക്കു വാങ്ങി സ്റ്റോക്കു ചെയ്യുന്നു. പിന്നെ കൂടുതൽ വിലയ്ക്ക് വിൽക്കുന്നു.

അതുകൊണ്ട് ഇത്തരം കാര്യങ്ങളും വസ്തുനിഷ്ഠമായി പരിശോധിക്കണം. ചെറിയ മില്ലുകളെല്ലാം എടുക്കണമെന്നല്ല പറയുന്നത്. ഭവനോപകരണം പ്രമേയത്തിന്റെ വെളിച്ചത്തിലും അരിവിതരണം ന്യായമായനിലയിൽ നടത്താനും കഴിയുമാറ് ബഹുമാനപ്പെട്ടമന്ത്രി ഇക്കാര്യം പരിശോധിക്കണമെന്നാണ് ഞാൻ പറയുന്നത്.

ഇനി ആഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെൻറ്സിന്റെ കാര്യത്തിൽ ഗവണ്മെൻറ് അല്പം ശ്രദ്ധിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ട് പരിചയമുള്ള മുവാറ്റുപുഴയും മറ്റുമുള്ള കൃഷിക്കാർ പരിഷ്കൃത ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്. വളരെ ചുരുങ്ങിയ സമയംകൊണ്ട് ചെലവുകുറച്ച് കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സഹായിക്കുന്ന ഉപകരണങ്ങളും കണ്ടുപിടിക്കുന്നതിനും ഇന്ന് എന്തുണ്ട് അപ്രകാരം ചിലയിടത്തു ഉപയോഗിച്ചുവരുന്ന ഉപകരണങ്ങളും മറ്റു ഭാഗങ്ങളിൽ പ്രചരിപ്പിക്കുന്നതിനും ഏർപ്പാടുചെയ്യണം. വനങ്ങളിൽ കൃഷി ചെയ്യുന്നവർ ''വരി'' എന്നു പറയുന്ന ഉപകരണമാണ് കിളയ്ക്കുന്നതിനു ഉപയോഗിക്കുന്നത്. അതിനുപകരം പരിഷ്കൃത ഉപകരണങ്ങളും നൽകി അവ ഉപയോഗിക്കാനുള്ള പരിശീലനവും നൽകേണ്ടതാണ്. ഇപ്പോൾ ആഗ്രിക്കൾച്ചറൽ ടെയിനിംഗിനു തുക വകയിരുത്തിയിട്ടുണ്ട്. അതുവഴി ഉദ്യോഗസ്ഥന്മാർ പരിഷ്കൃത ഉപകരണങ്ങളും ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങളും മനസ്സിലാക്കി മറ്റുള്ളവർക്ക് അറിവു നൽകാം. ഇപ്പോൾ കർഷകൻ എന്ന ഒരു മാസിക പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇതു കുറെ പ്രയോജനകരമാണെന്നാണ് എന്റെ അഭിപ്രായം. അതു കുറെകൂടി പ്രചരിപ്പിക്കണം. കൃഷിക്കാരുടെ പ്രത്യേക സമ്മേളനം ചേർത്തു അവരെ കൃഷിക്കാര്യത്തിൽ ബോധവാന്മാരാക്കുന്നതിനും പരിഷ്കൃത ഉപകരണങ്ങളും സംബന്ധിച്ചും മണ്ണുവിനെ സംബന്ധിച്ചും എല്ലാം അറിവു നൽകേണ്ടതാണ് ഈ രാജ്യത്തു സംഘടിതമായ കൃഷിക്കാരുടെ സംഘടനയുണ്ട്. അവരെ അവഗണിച്ചുകൊണ്ട് ഒന്നും ചെയ്യാൻപാടില്ല. ആ സംഘടനകളുടെ സമ്മേളനങ്ങളിലും മറ്റും പങ്കെടുക്കാൻ കൃഷിഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേകമായ നിർദ്ദേശംകൊടുത്തു സഹകരണാത്മകമായ ഒരന്തരീക്ഷം സൃഷ്ടിച്ച് കൂടുതൽ ഉൽപ്പാദനപരമായ കാര്യങ്ങളിൽ ഗവണ്മെൻറ് ശ്രദ്ധചെലത്തണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പാറയിൽ ഷംസുദീൻ : ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു. സ്റ്റോറ് പർച്ചേസിംഗ് എന്നുള്ളതു വളരെ ആദരണീയമായ ആശയമാണ്. പക്ഷേ, അതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പാറയിൽ ഷംസുദീൻ]

നൂറു ശതമാനം പ്രയോഗത്തിൽവരുത്തുന്നതിനു് പ്രായോഗിക വൈഷമ്യങ്ങൾ ഉണ്ടു്. ആ വൈഷമ്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണു് വളരെ ശ്രുക്ഷമായിരിക്കുന്ന നമ്മുടെ ഭക്ഷ്യപ്രശ്നത്തിനു് കുറച്ചെങ്കിലും തൃപ്തികരമായ പരിഹാരം ഉണ്ടാക്കാൻ ഭക്ഷ്യധാന്യങ്ങളുടെകാര്യത്തിൽ, ഗവണ്മെൻറു നിലവാരത്തിലുള്ള ട്രെയ്ഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളതു്. അതിൻെറ ഫലമായി ന്യായവിലഷാപ്പുകളിൽക്കൂടി ഒരളവിൽ അരിയുമറ്റും ഏറ്റവും അഭിനന്ദനാർഹമായികൊടുക്കുന്നുണ്ടു്. അതിൻെർ വിശദാംശങ്ങളിലേക്കു കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. സി. എ. മാത്യു ആ വിവരങ്ങൾ വിശദമായി പ്രസ്താവിച്ചിട്ടുണ്ടു്. ന്യായവിലഷാപ്പുകളിൽക്കൂടി ഭക്ഷ്യധാന്യവും പഞ്ചസാരയും കൊടുക്കുകയെന്നുള്ള കാര്യത്തിൽ ഈ ഗവണ്മെറു് തീർച്ചയായും പരാജയപ്പെട്ടില്ലെന്നു പറയാൻകഴിയും. പഞ്ചസാര ശ്രീ. ടി. സി. നാരായണൻ നമ്പ്യാർക്കു കിട്ടുന്ന അളവിലെങ്കിലും മറ്റുള്ളവർക്കും കിട്ടുന്നതിനു് ഏർപ്പാടുചെയ്യണമെന്നായിരുന്നു; അദ്ദേഹത്തിൻെറ അഭിപ്രായമെന്നു ഞാൻ മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ വരുമാനം സ്വീകരിക്കുന്നതിൽ വളരെയധികം തെറ്റുണ്ടെന്നു തോന്നുന്നില്ല. ഏതെങ്കിലും ഒരു തത്ത്വത്തിൻെറ അടിസ്ഥാനത്തിൽമാത്രമെ ഇതുപോലെയുള്ള വിതരണങ്ങൾ കാര്യക്ഷമമായി നടത്താൻ സാധിക്കുകയുള്ളൂ. ആ തത്ത്വം പ്രയോഗത്തിൽ വരുത്തുന്നതിൽ വല്ല പാകപ്പിഴയും പറ്റിയിട്ടുണ്ടെങ്കിൽ അതു തിരുത്താവുന്നതാണു്. അതുസംബന്ധിച്ച അടിസ്ഥാനപരമായ കുഴപ്പങ്ങൾ ഇല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെൻറ് സിൻെറ കാര്യവും ശാസ്ത്രീയമായ രീതിയിൽ കൃഷി വികസിപ്പിക്കേണ്ട കാര്യവും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. നമ്മുടെ കൃഷി മിക്കവാറും പഴയ സമ്പ്രദായത്തിൽ നിൽക്കുകയാണു്. അതു മാറ്റാനുള്ള ആസൂത്രിത പരിപാടികളും ഈ രാജ്യത്തു നടപ്പിൽ വരുത്തിക്കൊണ്ടിരുന്നു. അതിനു സമ്മേളനങ്ങൾ നടത്തണമെന്നും പ്രചാരവേല ചെയ്യണമെന്നും ഇവിടെ പറയുകയുണ്ടായി. ഇന്നു സഹകരണമേഖലയിലും, കൃഷി ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിലും ഇതു നടക്കുന്നുണ്ടു്. സഹകരണ ഡിസ്ട്രിക്റ്റു് ബാങ്കിൻേറയും സ്റ്റേറ്റു് ബാങ്കിൻേറയും ആഭിമുഖ്യത്തിലുള്ള സെമിനാറും സമ്മേളനങ്ങളും കൂടുമ്പോൾ സമഗ്രമായി ഈ കാര്യങ്ങളെപ്പറ്റി ചർച്ചകൾ നടത്തുകയും ആവശ്യമായ പ്രചരണം നടത്തുകയും ചെയ്യുന്നുണ്ടു്. കൂടാതെ, ബ്ലോക്കു ലെവലിലും ഇതുപോലുള്ള സെമിനാർ നടത്തി, കൃഷി ശാസ്ത്രീയമായ രീതിയിലേക്കു് മാറ്റുന്നതിനു് കൃഷിക്കാരെ പ്രേരിപ്പിക്കുന്നതിനു് ശ്രമങ്ങൾ നടത്തുന്നുണ്ടു്. ഗവണ്മെൻറിൻെറ ഭാഗത്തുനിന്നും, ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഇതുപോലുള്ള പ്രവർത്തനം ഉണ്ടാകുമ്പോൾ അതു നൂറു ശതമാനവും വിജയിക്കാതിരിക്കുന്നുണ്ടെങ്കിൽ അതിൻെറ കാരണം ജനങ്ങളുടെ ഭാഗത്തുനിന്നും വേണ്ടത്ര സഹകരണവും ഉത്സാഹവും ഉണ്ടാകാത്തതാണു്. ഇത്തരത്തിലുള്ള ജനങ്ങളുടെ സമീപനത്തെ മാറ്റി അവരെ മുന്നോട്ടുകൊണ്ടുവരുന്നതിനു ശ്രമിക്കേണ്ടതു് ശ്രീ. ടി. സി. നാരായണൻ നമ്പ്യാരും ഞാനും ഉൾപ്പെടുന്ന പൊതുജനപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളവരാണു്, അങ്ങനെ ഗവണ്മെൻറു ഭാഗത്തുനിന്നും അനൗദ്യോഗികഭാഗത്തുനിന്നും സഹകരണം ഉണ്ടാകുമെങ്കിൽ, പരിഷ്കൃത രീതിയിലുള്ള ഉപകരണങ്ങളും വളങ്ങളും ഉപയോഗിച്ചു് ശാസ്ത്രീയമായി കൃഷി അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. ഇവിടെ ട്രാക്ടറിൻെറ കാര്യം പറഞ്ഞു. അടുത്തകാലത്തു് സപ്ലീസു് സഹകരണസംഘങ്ങൾ ട്രാക്ടർ വാടകയ്ക്കു് കൊടുത്തു അതുപയോഗിക്കുന്നതു് എനിക്കു കാണാൻകഴിഞ്ഞിട്ടുണ്ടു്. അതുപോലെ പല സ്ഥലത്തും പ്രവർത്തിക്കുന്നുണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അവിടെ ഉപയോഗിക്കുന്ന ട്രാക്ടർ റഷ്യൻ മാതൃകയിലുള്ളതാണു്. അതിൻെറ സ്പെയർപാർട്സു കിട്ടാൻ പ്രയാസമാണെന്നു പറയുന്നു. അക്കാര്യം ഗവണ്മെൻറു് ശ്രദ്ധിക്കേണ്ടതാണു്.

ഈ സംസ്ഥാനത്തു് ഒരു വെയർഹൗസിംഗു് കാർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ടു്. ഭക്ഷ്യധാന്യങ്ങൾ സംഭരിച്ചു വിതരണംചെയ്യുന്നതു് കാര്യക്ഷമമായി നടത്തുമെന്നുള്ള ഉദ്ദേശത്തിലാണു് ഈ കാർപ്പറേഷൻ സ്ഥാപിച്ചിട്ടുള്ളതു്

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാരുടെ സാധനങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംഭരിച്ചുവച്ച് കൃഷിക്കാർക്കും അവരുടെ ഉൽപന്നങ്ങൾക്ക് ഏറ്റവും നല്ല വിലകിട്ടാൻ സഹായിക്കുന്നതിലേക്കാണ് ഈ കാർപ്പറേഷൻ രൂപീകൃതമായിട്ടുള്ളത്. കുറച്ചുകാലത്തെ പ്രവർത്തനം മാത്രമെ ഈ കാർപ്പറേഷനു നടത്താൻ കഴിഞ്ഞുള്ളുവെങ്കിലും ഈ രംഗത്തു് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു കാണാം. തിരുവനന്തപുരം ഡിസ്ട്രിക്ടിൽതന്നെ നെടുമങ്ങാട്ട് ശാസ്ത്രീയരീതിയിലുള്ള ഒരു വെയർഹൗസ് പണിതു പൂർത്തിയായി. തകഴിയിലും ഒരെണ്ണത്തിന്റെ പണി പൂർത്തിയായി. തൊടുപുഴയിൽ പണി പൂർത്തിയായി പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഇങ്ങനെ ശാസ്ത്രീയമായ സംഭരണം നടത്തി കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല വില കിട്ടുന്നതിനുള്ള പരിശ്രമം കൃഷി ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിൽ ഇന്നു നടന്നുകൊണ്ടിരിക്കുകയാണ്. ഈ കാർപ്പറേഷൻ കൂടാതെ, സെൻട്രൽഗവണ്മെന്റിന്റെ ഒരു വെയർഹൗസിംഗ് കാർപ്പറേഷനുംകൂടി ഈരാജ്യത്തു പ്രവർത്തിക്കുന്നുണ്ട്. ഈ രണ്ടിനേയും പ്രവർത്തനങ്ങൾ തമ്മിൽ യോജിച്ചുപോകാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെങ്കിലും ചില രംഗങ്ങളിൽ സ്റ്റേറ്റ് ട്രെയിഡിംഗ് കാർപ്പറേഷന്റെ പ്രവർത്തനം ലാഭകരമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാതിരിക്കുന്നുണ്ട്. അക്കാര്യത്തിൽ വേണ്ടതുചെയ്യാൻ ഗവണ്മെന്റു ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

കേരള കർഷകന്റെ പ്രചരണം വർദ്ധിപ്പിക്കണമെന്നു് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഡിപ്പാർട്ടുമെന്റു് ഓരോ വർഷവും ഒരു ടാർജറുവച്ചു് ഇതിന്റെ പ്രചരണം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രതിവർഷം ഇതിന്റെ വരിക്കാരുടെ സംഖ്യ വർദ്ധിപ്പിക്കാനുള്ള പദ്ധതി ആസൂത്രണംചെയ്ത ക്രമപ്രവൃത്തമായി അങ്ങനെ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ബഹുമാനപ്പെട്ട മെംബർ ഇതിന്റെ ഒരു ഡയറക്ടറാണല്ലോ ; ഇതിലേക്കു വേണ്ട പദ്ധതികളും ഗവണ്മെന്റിൽ സമർപ്പിച്ചുകൂടേ ?

ശ്രീ. പാറയിൽ ഷംസുദീൻ : ഇപ്പോൾ അതിനു പദ്ധതികളുണ്ട്. കൂടുതൽ പദ്ധതികളൊന്നും ഗവണ്മെന്റിന്റെ മുമ്പിൽ സമർപ്പിക്കേണ്ടതില്ല. അതിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും പാകപ്പിഴകൾ ചൂണ്ടിക്കാണിച്ചാൽ ഒരു ഡയറക്ടറെന്നനിലയിൽ അതു പരിഹരിക്കാൻ വേണ്ടതെല്ലാം ചെയ്യാൻ ഞാൻ സന്നദ്ധനായിരിക്കുമെന്നു ബഹുമാനപ്പെട്ട മെംബറെ അറിയിച്ചുകൊള്ളുന്നു. കാർപ്പൊറേഷനു് ഗവണ്മെന്റു് 3 ലക്ഷം രൂപ പ്രവർത്തന മൂലധനമായി നൽകി. ഈ വർഷവും അതുപോലെ ഒരു തുക നൽകാൻ മാറ്റിവച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും തകരാറുണ്ടായി എന്നുവരാം. തകരാറുകൾ ഇല്ലാത്തവിധത്തിൽ എല്ലായിടത്തും പ്രവർത്തിക്കുന്നു എന്നു് എനിക്കു് അഭിപ്രായമില്ല. അതു ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാൻ കഴിയുന്നതേയുള്ള. അടിസ്ഥാനപരമായി വെയർഹൗസിന്റെ പ്രവർത്തനത്തെപ്പറ്റി ആക്ഷേപം പറയാൻ സാധിക്കാത്ത രീതിയിൽ മുമ്പോട്ടു പോകുന്നുവെന്നു പ്രസ്താവിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

[Mr. Speaker in the Chair.]

Shri R. Raghava Menon : Sir, I am glad to note that hon. Members here are taking keen interest in the development of agriculture. Agriculture is a subject which nobody cares. State trading is a very dangerous subject, if it is not scrupulously managed. The State should get the necessary articles from places where they are available and supply them to the people. The fundamental principle of State Trading is this. I am sure that our State is trying to help the people in various ways. But I have very great doubt whether these things are

LIBRARY ARCHIVES Kerala Legislative Assembly

[Shri R. Raghava Menon]

going on well. We are not getting all the necessary things which we required and we have not reached such a stage. But we are making attempts to come to a good position. As regards the supply of articles, take for instance the supply of articles like agricultural implements and other such things, which we do not manufacture here and which we cannot have in our State, and for which we have to depend on others.

There is always an advantage in State trading than trading by private individuals because the margin of profit which the State takes will be smaller than margin of profit which the private traders take. It is for that reason that people are anxious to see that the State must trade and supply all those articles rather than leave them for private individuals to trade. I am sure that we have not done enough in that field. There is much to be done. The State must take particular care in getting the articles and in ascertaining the necessity of the people. But the trouble is that these things are not attempted by Government. I am not here to find fault with the Government or to accuse the Government. Fortunately we are here among a limited number of people in a small state, educated enough and capable of intensive work. But unfortunately we see that they create all the troubles and misuse the golden opportunities. The people are very intellectual, capable of work but they neither devote nor they want to devote sufficient time in making a Welfare State. So the State trading is a thing which is to be handled not only by the Minister concerned very carefully but also by all the Ministers. Cabinet must sit and find out what are the things that they can get from other areas so that they can supply the same to the people. This should be done not only in the matter of agriculture but also in the matter of all other Departments. I would like to say that we have to get all these things not only to make profit but also at the same time to develop things which we can manufacture. There are things which we can make in our own State and bring our State in a level with other States in the country. We have a number of advantages, but I am afraid we have not begin to use them for the benefit of the people. A small State like this, with a Cabinet consisting of 7 to 8 Members, with a number of M. L. A's and highly educated people, if all of us decide to work for the betterment of the people we can do it in the shortest time possible than in any other State. Are we doing it? We are not. We come here, give some lectures and go away and get all the complaints from the people. We must promise that hereafter we will do something. My submission, therefore, is that you have to see about the State Trading Corporation in what all things they can put their efforts, what all things they can get from other countries and provinces and supply at the cheapest possible price. That is what we have to do, and I am suret his State Trading comes under the Food Minister-the hon. Food Minister, I suppose I am not wrong. If there is any difficulty I would appeal to the Ministers that we must have duplicate Ministers. One Minister to go around the country and find out the things in the country. One Minister should attend to that work. One may be enough. but I do not think that one Minister will have the energy or convenience to do all these. So a duplicate Minister is necessary. One is necessary to go around the country visiting the villages at least once in a year. We must have some Penal provision not to punish them but to make them go to every village and have contact with the people.

LIBRARY ARCHIVES Kerala Legislative Assembly

We should have one day's discussion to see what the Ministers have done in this line and how far they have gone. You may ask why I am saying all these things. I am not here to accuse any one.

ശ്രീ. പാറയിൽ ഷംസുദീൻ: ബഹുമെമ്പർ മദ്രാസിൽ മന്ത്രിയായിരുന്ന കാലത്തു് അങ്ങനെ പ്രവത്തിച്ചിട്ടുണ്ടോ?

Shri R. Raghava Menon: That is what exactly I did when I was a Minister. I used to work for about 19 to 20 hours a day: I always used to attend the meetings of the people. Please don't ask what I have done when I was a Minister. I will not say that. I would appeal to the Ministers that they must work a little more. They need not even come to the Assembly. We can manage things here. Let them go round and find out what are the needs of the country and try to supply those things. You may ask why Mr. Raghava Menon is saying all these things. I am saying all these out of my love for them because I want to see all the Ministers, the Cabinet, in which our hon. friend Shri E. P. Poulose is the Agriculture Minister, are able to supply food and all other things to the people. He has succeeded in improving agriculture. The people must be able to say that. The Ministers must have satisfaction that they have done something to satisfy the needs of the people. Then only they will be happy, we will be happy, people will be happy, Assembly Members will be happy and God will bless all of us.

ശ്രീ. ഇ. പി. പൗലോസു് : സർ, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് വളരെ സഹായകരമായ നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതല്ലാതെ വലിയ ശ്രദ്ധയായിട്ടുള്ള വിമർശനങ്ങളൊന്നും ഉണ്ടായില്ലാ എന്നു കാണുന്നതിൽ ചാരിതാർത്ഥ്യമുണ്ടു്. എല്ലാം ഭദ്രം എന്നൊന്നും അതുകൊണ്ടു് ഞാൻ അഭിമാനിക്കുന്നില്ല. പ്രായോഗികമായി വരുത്താൻ കുറെ ബുദ്ധിമുട്ടുള്ളതെങ്കിലും പൊതുജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതും പരിഹരിക്കാൻ കഴിഞ്ഞാൽ ഇന്നത്തെ ദുർഘടങ്ങളായ പല പ്രശ്നങ്ങൾക്കും മറുപടി കാണാൻ സാധിക്കുന്നതുമായ ഒരു നടപടി ചൂണ്ടിക്കാണിച്ചു അതിനൊരു നിർദ്ദേശം ഈ സഭയുടെ മുമ്പിൽ വച്ചു എന്നുമാത്രമേ ഞാൻ കരുതുന്നുള്ളൂ. അതിനു ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

നമ്മുടെ ഈ സ്റ്റേറ്റു് ട്രേഡിംഗു് കാർപ്പറേഷനോടു ബന്ധപ്പെട്ട കാര്യങ്ങൾ പ്രസ്താവിക്കുമ്പോൾ ഒരു കാര്യം ഓർക്കേണ്ടതുണ്ടു്. ഭക്ഷ്യകാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിനുള്ള കമ്മി പരിഗണിച്ചു മറ്റു രാജ്യങ്ങളിൽനിന്നും നാർമ്മലായിട്ടു സഹകാര്യ വ്യാപാരമാർഗ്ഗം വഴിയായും ഫെയർ പ്രൈസ് ഷാപ്പുകൾ വഴിയായും വിതരണം ചെയ്യാണു് ഇതുവരെ അരിയുടെ കാര്യം നികുത്തിക്കൊണ്ടിരുന്നതു് എന്നു നമുക്കറിയാം. 16 ഔൺസു് അരി പ്രായപൂർത്തിയായ ഒരാളിനു വേണമെന്നുണ്ടെങ്കിൽ ഈ രണ്ടു മാർഗ്ഗത്തിൽക്കൂടി അരി വരുത്തി വിതരണം ചെയ്യേണ്ടിയിരിക്കുന്നു. 1956 മുതൽ 61 വരെയുള്ള കാലഘട്ടത്തിൽ ഈ 16 ഔൺസു് ഒരാൾക്കു വേണമെന്നുള്ള കണക്കു സ്വീകരിച്ചുകൊണ്ടു് ആണെങ്കിലും ഒരിക്കലും 12 ഔൺസിൽ കൂടുതൽ കൊടുക്കുന്നതിനു സാധിച്ചിട്ടില്ല. മിക്കവാറും 1948 മുതൽക്കെന്നല്ല അതിനു മുമ്പുമുതൽ ഈ ക്ഷാമം വളരെ അനുഭവപ്പെട്ടു. അന്നുമുതൽ ഇന്നുവരെയുള്ള അനുഭവംകൊണ്ടു ഈ 16 ഔൺസു് എന്നുള്ള മാനദണ്ഡം, അവിടെ എത്താൻ ശ്രമിക്കുന്നതല്ലാതെ പന്ത്രണ്ടു ഔൺസിലധികം കൂടുതലായിട്ടു അരി വിതരണം നടത്താൻ സാധിച്ചിട്ടില്ല. എന്നാൽ 1960-61 മുതൽ ഇതുവരെ 16 ഔൺസു് ഒരു അഡാപ്റ്റിനു് എന്നുള്ള കണക്കു സ്വീകരിക്കുക മാത്രമല്ല, അതു വിതരണം ചെയ്യുന്നതിനു കഴിഞ്ഞു എന്നുള്ള കാര്യം ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണു്. അതിന്റെ ഫിഗേഴ്സു് എല്ലാം എന്റെ കൈവശമുള്ളതു വച്ചുകൊണ്ടു പുരുക്ക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. പൗലോസ്]

മയി ചിലതു പ്രഖ്യാപിക്കാം എന്നു വിചാരിക്കുന്നു. 1955-56-ൽ നമ്മുടെ സംസ്ഥാനത്തിലെ ഉൽപ്പാദനംതന്നെ എട്ടുലക്ഷത്തിൽ അൽപ്പം കൂടുതലാണു്. 1956-57-ൽ 8.69. 1957-58-ൽ 8.73. ഇങ്ങനെയാണു്. എന്നാൽ ഈ ഉൽപ്പാദനം 1960-61-ൽ 10½ ടണ്ണായി. എന്നാൽ അതു 1961-62-ൽ വെള്ള പ്പൊക്കവും മറ്റും കൊണ്ടു കൃഷി നശിച്ചുപോയതിനാൽ കുറച്ചു പുറകോട്ടുപോയി പത്തുലക്ഷം ടണ്ണായി താഴുന്നു. 1962-63-ൽ അതു 10.76 ലക്ഷം ടണ്ണായി. എന്നാൽ ഇക്കൊല്ലത്തെ വിളവു കാര്യമായി നോക്കി ഗവണ്മെൻറിനു കിട്ടീട്ടുള്ള റിപ്പോർട്ടിൽനിന്നും കാണാൻ കഴിഞ്ഞിട്ടുള്ളതു് 11½ ലക്ഷം ടണ്ണോളം ഉൽപ്പാദനം വരുമെന്നാണു്. എന്നാൽ ഉൽപ്പാദനം കുറഞ്ഞിരുന്ന കാലത്തും ഇങ്ങനെ അരി വിതരണം ചെയ്യാൻ ഒത്തിട്ടില്ല.

ശ്രീ. എൻ. ഈ. ബലറാം : നമ്മുടെ ഈ പ്രൊഡക്ഷനെ സംബന്ധിച്ചിടത്തോളം 11.3 ലക്ഷം പ്രൊഡ്യൂസ് ചെയ്തതായി പറഞ്ഞതു ഫസ്റ്റു് ഹാർവെസ്റ്റോ, സെക്കൻറു് ഹാർവെസ്റ്റോ എതാണു് സർവ്വേ ചെയ്തു കണക്കാക്കിയിരിക്കുന്നതെന്നു പറയാമോ ? അതു ആകെ പ്രചലായിട്ടു 10.78 ടണ്ണേ ഉണ്ടായിരിക്കയുള്ളൂ.

ശ്രീ. ഈ. പി. പൗലോസ് : 11.3 എന്നു പറഞ്ഞതു ഫൈനലായിട്ടെടുത്തതാണു്. ഞാൻ അതു മെടിക്കു് ടണ്ണായി പറഞ്ഞു എന്നേയുള്ളൂ. 1963-ൽ മുണ്ടകൻ ഏകദേശം 11.5 ടൺ വരുമെന്നാണു പ്രിലിമിനറി റിപ്പോർട്ടു്. അക്കാലത്തു അതായതു്, നാലോ അഞ്ചോ കൊല്ലം മുമ്പു ഈ 12 ഔൺസ് എന്നുള്ളതിൽക്കൂടുതൽ കൊടുക്കാൻ കഴിഞ്ഞിട്ടില്ലാ എന്നുള്ളതു സൂചിപ്പിക്കുകയാണു്. അന്നു ആകെക്കൂടി സംസ്ഥാനത്തിൽ ഉൽപ്പാദനം വളരെ കുറഞ്ഞ തോതിലായിരുന്നു. അതുകൊണ്ടു് അക്കാലത്തു വിതരണം നടത്തിയതോതു നോക്കിയാൽ 1957-58-ൽ ഈ സംസ്ഥാനത്തു വിതരണം നടത്തിയതു 189000 ടണ്ണും, 1958-59-ൽ 53000 ടണ്ണും, 1960-ൽ 120000 ടണ്ണുമാണു്. അപ്പോഴും ഉൽപ്പാദനം വളരെ കുറവായതുകൊണ്ടും പുറത്തുനിന്നുള്ള വിതരണം കുറവായതുകൊണ്ടും പ്രൈവറ്റു് ട്രേഡ് ബാലൻസ് 6 ലക്ഷം ടൺ എന്ന തോതിലായതുകൊണ്ടും നമുക്കു ഒരിക്കലും ഈ 16 ഔൺസ് എന്ന ലക്ഷ്യം എത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ 1961 മുതൽ ഈ 16 ഔൺസ് എന്ന ലക്ഷ്യത്തിൽ എത്താൻ സാധിച്ചു. പക്ഷേ, പ്രധാനമായിട്ടുള്ളതു വിലയെ സംബന്ധിച്ചാണു്. സ്റ്റേറ്റു് ട്രേഡിംഗ് എന്നു പറഞ്ഞാൽ മൊത്തമായിട്ടു ഇതു ഗവണ്മെൻറു് ഏറ്റെടുക്കണമെന്നു ശ്രീമാൻ ബലറാം സൂചിപ്പിച്ചു. അതിനുള്ള ബുദ്ധിമുട്ടു ഞാൻ പ്രത്യേകമായി ചൂണ്ടിക്കാണിക്കാം. 5-8-1959-ൽ ഇതു ഒന്നു പരീക്ഷിച്ചുനോക്കി. ഇതു ഒന്നു പരീക്ഷിച്ചുനോക്കേണ്ടതുമായിരുന്നു. അതു എൻഫോഴ്സ് ചെയ്യാൻ നിവൃത്തിയില്ലാതെവന്നു. ആന്ധ്രായിൽനിന്നും നമുക്കു ഏഴു ലക്ഷം ടൺ അരി എടുക്കേണ്ടിവന്നു.

1957-58-ൽ ആറു ലക്ഷം ടൺ മാത്രമാണു് എടുത്തതു്. പ്രൈവറ്റു് ട്രേഡ്സിനെ സംബന്ധിച്ചിടത്തോളം കേരളത്തിൽ പ്രൈസ് ഫിക്സ് ചെയ്തു. പക്ഷേ, ആന്ധ്രായിൽ പ്രൈസ് ഫിക്സ് ചെയ്തില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അവിടെ നടപടിയെടുക്കാതിരുന്നു. അതിൻറെ ഫലം സഹകാര്യ വ്യാപാരികളിൽക്കൂടി വരുന്ന അരിക്കു വില വളരെ കുറഞ്ഞു പോകുക എന്നുള്ളതാണു്. അതാണു് രണ്ടാം പദ്ധതിക്കാലത്തു്, 1957 മുതൽ 1961 വരെ ഉണ്ടായ ഏറ്റവും വലിയ ബുദ്ധിമുട്ടു്.

ആന്ധ്രായിൽ അരിവില നിയന്ത്രിച്ചുകൊണ്ടു് ഒരു ഓർഡർ പുറപ്പെടുവിച്ചുകഴിഞ്ഞാൽ, അതു എൻഫോഴ്സു ചെയ്യുന്നതിനു് ചില പരിമിതികളെല്ലാം ഉണ്ടു്. അവിടത്തെ ആളുകൾക്കു് നെല്ലിൻറെ വില കുറച്ചു കൂടുതൽ കിട്ടുന്നതിനെ നിയന്ത്രിക്കാൻ ഒരുപക്ഷേ ഗവണ്മെൻറു് ലവലിൽ എത്ര ശക്തിയായ നടപടികളും എടുത്തിരുന്നാലും അതിൻറെ ഇംപാക്റ്റു ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാരുടേയും, കച്ചവടക്കാരുടേയും അടുക്കൽ പെട്ടെന്ന് എത്തണമെന്നില്ല. അതിന്റെ ഫലം കൂടുതലായി അരി പണംകൊടുത്തു വാങ്ങുകയും, നിയന്ത്രിതവിലയേക്കാൾ കൂടുതലായ വിലയ്ക്ക് പെളിയിൽ അരി കിട്ടാനുള്ള സാധ്യത വർദ്ധിക്കുകയും ചെയ്യുക എന്നതായിരിക്കും. അതുകൊണ്ട് ഹോൾസെയിലിന്റെ ചുമതല പരിപൂർണ്ണമായി ഗവണ്മെന്റ് ഏറ്റെടുക്കുകയും, അരിവില ക്രിപ്പപ്പെടുത്തുകയും ചെയ്താൽ അതു വലിയ വിഷമം സൃഷ്ടിക്കുമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

ഇന്നത്തെ രീതിയിൽ, ഈ ബുദ്ധിമുട്ട് വളരെ ഉണ്ടാകുകയില്ല. അടുത്തകാലത്തായ് ആന്ധ്രാ ഗവണ്മെന്റും മദിരാശി ഗവണ്മെന്റും 40 ശതമാനം ക്രിപ്പവിലയ്ക്ക് അരി എടുക്കാൻ തീരുമാനിച്ചതിന്റെ ഫലമായി അവിടെനിന്നു കേരളത്തിലേക്കു വരുന്ന അരി വിലയിൽനിന്നു അവിടത്തെ മില്ലേഴ്സിനു നഷ്ടം ഈടാക്കുകയാണു ചെയ്യുന്നത്. അതുകൊണ്ടു വിലയുടെ കാര്യത്തിൽ കുറച്ചു പ്രയാസം നേരിടുന്നു. ഇപ്പോഴും ഇൻഡ്യയൊട്ടുക്കു അരിവില നിയന്ത്രിക്കാതെ നമുക്കു ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ, അങ്ങനെ ചെയ്യുന്നതു ബുദ്ധിപൂർവ്വകമായിരിക്കുമോ എന്നു ആലോചിക്കണം. അരിവില കുറെ കൂടുതലാണെന്നുള്ള ആക്ഷേപം ഉണ്ടായിട്ടുണ്ട്. കുറച്ചു കൂടുതലാണെന്നു സമ്മതിക്കാം. പക്ഷേ, അടുത്തകാലത്തായ് ഈ സഭയിൽ എല്ലാഭാഗത്തുനിന്നും സമ്മതിച്ചിട്ടുള്ളതാണ്, നെൽകൃഷിക്കു നഷ്ടം സംഭവിച്ചിട്ടുള്ളതിന്റെയും, ചെലവു വർദ്ധിച്ചിട്ടുള്ളതിന്റെയും കാര്യം. അതിന്റെ അടിസ്ഥാനത്തിൽ വളരെ അമിതമായ രീതിയിൽ വില വർദ്ധിച്ചിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ഏതായിരുന്നാലും, ആന്ധ്രായിൽ, മില്ലുടമകളും മറ്റും അടിയന്തിരാവസ്ഥയെ ചൂഷണംചെയ്തു അരിവില വർദ്ധിപ്പിച്ചിട്ടുണ്ട്. ഡിസംബർ മാസത്തിൽ താൽക്കാലികമായി അവിടെ വില വർദ്ധിക്കുന്നുണ്ട്. ആന്ധ്രായിൽ സൂപ്പീരിയർ വെറൈറ്റിയിലുള്ള ഒരു തരം അരിക്കു അന്നത്തെ വില 49 രൂ. 50 നയാപൈസയായിരുന്നു. അതു് ഇവിടെ വരുമ്പോൾ റെയിൽവേ ചാർജ്ജ് 2 രൂപാ 50 നയാപൈസ, അവിടെ കയറ്റുന്നതിനും, ഇവിടെ ഇറക്കുന്നതിനും ഏകദേശം ഒരു രൂപാ, സെയിൽസ് ടാക്സ് 50 നയാപൈസ, മൊത്തം ഒരുചാക്കു് അരിക്കു് ഏകദേശം നാലുമുതൽ അഞ്ചു രൂപവരെ കൂടുതൽ വില കൊടുക്കേണ്ടതായിട്ടുവരും. ഒരിക്കലും ആന്ധ്രായിലെ വിലയിൽനിന്നു് നാലോ, അഞ്ചോ രൂപയിൽ കൂടുതൽ കേരളത്തിൽ വരുമ്പോൾ അരിവില വർദ്ധിക്കുന്നില്ല. ആന്ധ്രായിൽ നിയന്ത്രിക്കുന്ന വില അവർക്കു നിഷ്കർഷയായിട്ടു പാലിക്കാൻ കഴിഞ്ഞാൽ, നമുക്കു വലിയ നിയന്ത്രണം കൂടാതെ, ബുദ്ധിമുട്ടുകൂടാതെ അരി വിതരണം ചെയ്യാൻ സാധിക്കും, ഇതാണു് രണ്ടുമുന്നുകൊല്ലമായിട്ടു് അനുഭവപ്പെട്ടിട്ടുള്ളതു്. ഇതാണു് നിയന്ത്രണത്തെപ്പറ്റി പറയാനുള്ളതു്.

പിന്നെ പല കാര്യങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മൈസുമില്ലുകളുടെ കാര്യം പറഞ്ഞു.

ശ്രീ. എൻ. ഈ. ബലറാം : കഴിഞ്ഞ ഡിസംബറിൽ തഞ്ചാവൂർ ഉണ്ടായിരുന്നതിനേക്കാൾ ആറേഴുരൂപാ കൂടുതൽ മദിരാശിയിൽ അരിക്കു വിലയുണ്ടായിരുന്നു എന്നറിയാമോ ?

ശ്രീ. ഈ. പി. പൗലോസ് : കഴിഞ്ഞ ഡിസംബറിൽ, ഒരു വെറൈറ്റിക്കു് ആന്ധ്രായിൽ ഉണ്ടായിരുന്നതിനേക്കാൾ മദിരാശിയിൽ വില കൂടുതലായിരുന്നു; ഒരു പർട്ടിക്കുലർ വെറൈറ്റിക്കു മദിരാശിയിൽ 72 രൂപാവരെ വിലയുണ്ടായിരുന്നു എന്നു പത്രത്തിൽ വായിച്ചു. അതുപോലും വില ഇവിടെ ഇല്ലായിരുന്നു. തഞ്ചാവൂരിൽ ഒരു പ്രത്യേക വെറൈറ്റിക്കു 65 രൂപാവരെ മൂന്നാഴ്ചക്കാലത്തേക്കു വില ഉണ്ടായിരുന്നു. സാമാന്യമായി പറഞ്ഞാൽ മറ്റു സ്ഥിതിഗതികളും നാമ്മൽ ആയിരുന്ന അവസരത്തിൽ വലിയ വ്യത്യാസം ഇല്ലായിരുന്നു.

സർ, ചെറിയ മൈസുമില്ലുകളും ഗവണ്മെന്റു ഏറ്റെടുക്കുന്ന കാര്യം അത്ര പ്രായോഗികമല്ല. പല മില്ലുടമകൾക്കും കുറെ ബുദ്ധിമുട്ടുണ്ടാകും അതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ്]

നമ്മുടെ പ്രശ്നത്തിനു് പരിഹാരം ഉണ്ടാകുകയുമില്ല. നേരേമറിച്ചു് പാലക്കാട്ടും ആലപ്പുഴയിലും കൂടുതൽ നെല്ലുല്പാദിപ്പിക്കുന്നതുകൊണ്ടു് നെല്ലു വില കുറച്ചു വിൽക്കേണ്ടിവരും. അതു വാങ്ങി കച്ചവടക്കാർ അമിതമായി ലാഭം ഉണ്ടാക്കാതെ, നിയന്ത്രിത വിലയ്ക്കു് നെല്ലു വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനു് വലിയ മില്ലുകളും കോഓപ്പറേറ്റീവു് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ടു്. അതുമൂലം വില പരിമിതമായി നിയന്ത്രിക്കാൻ കഴിയുമെന്നു ഗവണ്മെന്റു് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള പെറിയ മില്ലുകളും ഏറ്റെടുക്കണമെന്നു് വിചാരിക്കുന്നില്ല.

വളത്തെപ്പറ്റി പല മെമ്പറന്മാരും പറഞ്ഞു. വളം മദിരാശിയിലേക്കും, ആന്ധ്രായിലേക്കും കടത്തികൊണ്ടുപോകുന്നു എന്നു പറഞ്ഞു. അങ്ങനെ ചില സംവേങ്ങളം ഉണ്ടായിട്ടുണ്ടു്. ചില കേസുകളും എടുത്തിട്ടുമുണ്ടു്. പക്ഷേ, ഒരുകാര്യം ഈ അവസരത്തിൽ പറയാം. നൈട്രജൻ ഫെർട്ടിലൈസേർസും, ഫാസ്ഫേറ്റ ഫെർട്ടിലൈസേർസും നമ്മുടെ ആവശ്യത്തിനു കാണുന്നില്ല എന്ന പരാതി കൃഷിക്കാരിൽനിന്നു് ഉണ്ടായിട്ടില്ല. കൃഷിക്കാരുടെ ആവശ്യത്തിനു വളം കൊടുക്കാൻ സാധിക്കുന്നില്ല എന്ന പരാതി ഇതുവരെ ഉണ്ടായിട്ടില്ല. എന്നുമാത്രമല്ല, നമ്മുടെ കൃഷിക്കാക്കു് എത്രത്തോളം വളം ആവശ്യമുണ്ടോ അതു വിതരണം ചെയ്യാൻ എഫ്. എ. സി. ടി.ക്കു കഴിയും എന്നാണു അറിയുന്നതു്. ആ സ്ഥിതിക്കു് കുറെ വളം മദിരാശിയിലേക്കും, ആന്ധ്രായിലേക്കും കടത്തി കൊണ്ടുപോകുന്നു എന്നു പറയുന്നതിൽ പരിഭ്രമിക്കാനില്ല. ഓപ്പൺ മാർക്കറ്റിൽ കുറെ ബ്ലാക്കു് മാർക്കറ്റു നടന്നേക്കുമെന്നല്ലാതെ മദിരാശിയിലേക്കും, ആന്ധ്രായിലേക്കും വളം കടത്തികൊണ്ടുപോകുന്നതുകൊണ്ടു് ഇവിടത്തെ കൃഷിക്കാക്കു വളത്തെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുവരാൻ ഇടയില്ല. പിന്നെ ഫെർട്ടിലൈസേഴ്സിന്റെ വിലയെ സംബന്ധിച്ചിടത്തോളം, മറ്റു സംസ്ഥാനങ്ങളേക്കാളും ഇൻഡ്യയിൽ വില കൂടുതലാണെന്നും, അതു കുറയ്ക്കണമെന്നും അഭിപ്രായമുണ്ടു്. ഈകാര്യം ഇൻഡ്യാഗവണ്മെന്റു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. $12\frac{1}{2}$ ശതമാനം വളത്തിനു സബ്സിഡി മുൻപുണ്ടായിരുന്നതു് ഇന്നത്തെ അടിയന്തിര പരിതഃസ്ഥിതി പരിഗണിച്ചു് 25 ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ടു്. ഇനിയും കൂടുതലായി സബ്സിഡി നൽകാൻ സാധിക്കുമോ എന്നു ആലോചിക്കുകയാണു്. വിദേശങ്ങളിൽനിന്നു വളം ഇറക്കുമതി ചെയ്താൽ വില കുറഞ്ഞുകിട്ടുമെന്നു പറയുന്നുണ്ടു്. അതു ഇൻഡ്യാഗവണ്മെന്റു ചെയ്യേണ്ട കാര്യമാണു്. സംസ്ഥാനഗവണ്മെന്റിനു് ഈ കാര്യത്തിൽ വളരെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

സർ, അഗ്രികൾച്ചർ ഇംപ്ലിമെന്റ്സിനെപ്പറ്റി പലരും പറഞ്ഞു. ഇവിടെ ആവശ്യമുള്ളിടത്തോളം ട്രാക്ടേഴ്സു വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. പൗവ്വർ ടില്ലേഴ്സു വരുത്തുന്നതിനു് കേന്ദ്രഗവണ്മെന്റിൽ നിവേദനം നടത്തിയതിന്റെ ഫലമായി, ജാപ്പനീസു പൗവ്വർ ടില്ലേഴ്സു വരുത്തുന്നതിനു് ഒന്നരലക്ഷം രൂപയുടെ ഫോറിൻ എക്സ്ചേഞ്ചു അനുവദിച്ചിട്ടുണ്ടു്. അതുകൊണ്ടു് അൻപതോ, അറുപതോ പൗവ്വർ ടില്ലേഴ്സു വാങ്ങാൻ കഴിയും. അതു കൂടുതൽ ഫലപ്രദമാണെന്നു കണ്ടാൽ ഇവിടെത്തന്നെ അതു മാനുഫാക്ചർ ചെയ്യാൻ ഇൻഡ്യാഗവണ്മെന്റു സന്നദ്ധമായിരിക്കും.

സർ, പിന്നെ കൂടുതൽ ന്യായവിലഷാപ്പുകളും തുറക്കുന്നതിനെപ്പറ്റി പറഞ്ഞു. ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ പലപ്പോഴും ഇക്കാര്യം പറയാറുണ്ടു്. കൂടുതലായി 117 ന്യായവിലഷാപ്പുകളും തുറക്കുന്നതിനു് ഓർഡേഴ്സായിട്ടുണ്ടു്. ഡിസ്ട്രിക്റ്റു ഫുഡ് അഡ്വൈസറി കമ്മിറ്റി ആവശ്യപ്പെട്ടിട്ടുള്ളതിൽ കുറച്ചുമാത്രമേ കടകളും അനുവദിച്ചിട്ടുള്ളൂ. ചില ഡിസ്ട്രിക്റ്റുകളിൽ, 50 മുതൽ 100 വരെ ഷാപ്പുകളും ആവശ്യമുണ്ടെന്നു ശുപാർശ ചെയ്തിരിക്കുകയാണു്. അങ്ങനെ ഉള്ളതിൽ കുറച്ചു കുറവു ചെയ്തിട്ടുണ്ടു്. ന്യായമായി അനുവദിക്കാവുന്നതു ഷാപ്പുകളും അനുവദിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചസാര വിതരണത്തിൽ കുറവുണ്ടെന്നു ചിലർ ആക്ഷേപം പുറപ്പെടുവിച്ചിട്ടുണ്ട്. 1959-60—ൽ കൺട്രോൾ ഏർപ്പെടുത്തിയപ്പോൾ വിതരണത്തിനു നിശ്ചയിച്ചിരുന്ന മാനദണ്ഡമാണു് അതേ രീതിയിൽ നടപ്പാക്കിയിരുന്നതു്. അന്നു് കാര്യമായ ആക്ഷേപം ഉണ്ടായിരുന്നില്ല. എന്തെല്ലാം പറഞ്ഞാലും എല്ലാ ആളുകൾക്കും പഞ്ചസാര വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനും അവകാശമുണ്ട്. കുറെ സുഖലോലുപന്മാരായി കഴിയുന്നവർക്കു, ആരോഗ്യത്തിനു ഹാനികരമാകാത്തനിലയിൽ പഞ്ചസാര ഉപയോഗിക്കുന്നതിനുപറ്റിയതോതിൽ പഞ്ചസാര കൊടുക്കണമെന്നു തീരുമാനിച്ചു. സാധാരണ കണ്ടുവരുന്ന രീതിവച്ചു നോക്കിയാൽ, വരുമാനം കൂടുതലുള്ളവരാണു് പഞ്ചസാര കൂടുതൽ ഉപയോഗിച്ചുവരുന്നതു്. അതായിരിക്കും കൂടുതൽ പ്രായോഗികവും, പ്രയോജനകരവും എന്നു കരുതി. അതു് ആരും നിഷേധിക്കുമെന്നുതോന്നുന്നില്ല. പലരും കാർഡുകളും പഞ്ചസാര വാങ്ങാൻ ഉപയോഗിക്കാതെ ഏതെങ്കിലും കടക്കാരെ ഏല്പിക്കുകയോ മറ്റാരെയെങ്കിലും വാങ്ങാൻ ഏല്പിക്കുകയോ ചെയ്യുന്നതായിട്ടു കാണുന്നു. അങ്ങനെയുള്ള കാർഡുകളും ശേഖരിച്ചു് പഞ്ചസാര വാങ്ങി ബ്ലാക്കുമാർക്കറ്റിൽ വില്പനനടത്തുന്നവരും ഉണ്ടു്. ഇന്നു രണ്ടു കിലോ എന്നു വച്ചിരിക്കുന്നതു് 5 കിലോ ആയി വർദ്ധിപ്പിച്ചാൽ കുറെകൂടി ഈ പ്രശ്നം വഷളാക്കാമെന്നല്ലാതെ കാര്യമായ എന്തെങ്കിലും പരിഹാരം ഇതിനു് ഉണ്ടാകുമെന്നു് ഗവണ്മെൻറിനു് അഭിപ്രായമില്ല.

സർ, ഇത്രയും കാര്യങ്ങളാണു് സാമാന്യമായി ഇവിടെ നടന്ന ചർച്ചകൾക്കു മറുപടിയായി പറയാനുള്ളതു്. സൂക്ഷ്മപരമായി ഇവിടെ ഉണ്ടായ നിർദ്ദേശങ്ങളും പരിഗണിക്കുന്നതാണെന്നു കൃതജ്ഞതാപൂർവ്വം ഉറപ്പു നൽകുകയും, ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

Mr. Speaker : Mr. Balaram, do you press your cut motion under Demand No. LIII ?

1 p. m.]

Shri N. E. Balaram ; Yes, I press it.

The Cut motion was put and lost.

Shri E . P. Gopalan : Sir I Demand a poll.

A poll was taken when the House divided as follows :

Ayes—45

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri M. Alikunju Sastri
5 ,, K. Anirudhan
6 ,, Antony D'Cruz
7 ,, C. K. Balakrishnan
8 ,, N. E. Balaram
9 ,, K. Bhargavan
10 ,, K. Chandrasekharan
11 ,, D. Damodaran Potti
12 ,, E. P. Eapen
13 ,, E. P. Gopalan
14 ,, N. Gopala Kurup
15 Smt. K. R. Gouri
16 Shri K. Hassan Gani
17 ,, K. V. John
18 ,, O. Koran
19 ,, K. Krishnan
20 ,, M. Krishnan
21 Shri R. Krishnan
22 ,, K. Krishnan Pillai
23 ,, S. Kumaran
24 ,, P. M. Kunhiraman Nambiar
25 ,, P. K. Kunjachan
26 ,, C. M. Kutty
27 ,, K. Moideenkutty Hajee
28 ,, K. V. Narayanan
29 ,, P. K. Narayanan Nambiar
30 ,, T. C. Narayanan Nambiar
31 ,, P. Narayanan Thampi
32 ,, N. Neelakantaru Pandarathil
33 ,, P. C. Ragavan Nair
34 ,, T. K. Ramakrishnan
35 ,, A. K. Ramankutty
36 ,, P. Ramunni Kurup
37 ,, P. Ravindran

LIBRARY ARCHIVES Kerala Legislative Assembly

38 Shri E. M. Sankaran Namboodiripad
39 ,, B. V. Seethi Thangal
40 ,, Ponnara Sreedhar
41 ,, P. S. Srinivasan
42 Shri R. Sugathan
43 ,, M. M. Sundaram
44 ,, M. V. Vasu
45 ,, P. Viswambharan

Noes—64

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, M. A. Antony
6 ,, K. K. Balakrishnan
7 ,, P. C Balakrishnan Nambiar
8 ,, T. O. Bava
9 ,, N. Bhaskaran Nair
10 Dr. K. M. Chacko
11 Shri P. Chacko
12 ,, G. Chandrasekhara Pillai
13 ,, P. C. Cherian
14 ,, K. A. Damodara Menon
15 ,, T. A. Dharmaraja Iyer
16 ,, P. R. Francis
17 ,, K. M. George
18 ,, George Joseph Podippara
19 ,, P. Gopalan
20 ,, M. Gopalankutty Nair
21 ,, Malethu Gopinatha Pillai
22 ,, M. P. Govindan Nair
23 ,, Vayala Idicula
24 ,, A. L. Jacob
25 ,, C. G. Janardhanan
26 ,, P. S. Karthikeyan
27 ,, K. G. Karunakara Menon
28 ,, K. Kochukuttan
29 ,, T. Krishnan
30 ,, P. R. Krishnan
31 ,, N. S. Krishna Pillai
32 ,, P. Kumaran
33 Shri K. Kunhambu
34 ,, C. Kunhikrishnan Nair
35 ,, M. Kunhikannan Nambiar
36 ,, M. Kunjukrishnan Nadar
37 ,, N. Kunjuraman
38 Smt. Kusumam
39 ,, Leela Damodara Menon
40 Shri P. Madhavan
41 ,, V. Madura
42 ,, M. M. Mathai
43 ,, C. A. Mathew
44 ,, T. Murugesan
45 Smt. A. Nafeesath Beevi
46 Shri K. Narayana Kurup
47 ,, M. Narayana Kurup
48 ,, Kuroor Neelakantan Namboodiripad
49 ,, C. F. Pereira
50 ,, E. P. Poulose
51 ,, R. Raghava Menon
52 ,, A. A. Rahim
53 ,, M. Ravindranath
54 ,, R. Sankar
55 Smt. O. T. Sarada Krishnan
56 ,, K. Saraswathy Amma
57 Shri Shamsuddin
58 ,, C. M. Stephen
59 ,, K. T. Thomas
60 ,, Thomas John
61 ,, T. A. Thomman
62 ,, P. P. Ummer Koya
63 ,, K. R. Vijayan
64 ,, K. K. Viswanathan

Neutrals—Nil

Mr. Speaker: Those for the cut motion—45
Those against—64
Neutrals—Nil.

The cut motion is lost.

Mr. Speaker: Mr. Viswambharan, do you press your cut motion ?

LIBRARY ARCHIVES Kerala Legislative Assembly

Shri P. Viswambharan: Yes, I press it.

The cut motion was put and lost.

Mr. Speaker: Mr. Moideenkutty Haji, do you press your cut motion ?

Shri K. Moideenkutty Haji: Yes, I press it.

The cut motion was put and lost.

The question that Government be granted a sum of Rs. 11,38,57,900 under Demand LIII—Capital outlay on schemes of Government Trading was put and carried.

The grant was made.

Mr. Speaker: Now I will put all the other remaining Demands in order, as today is the last day allotted for voting on Demands :

Demand I.—Agricultural Income Tax and Sales Tax.

The question that Government be granted a sum of Rs. 39,86,000 under Demand I—Agricultral Income Tax and Sales Tax was put and carried.

The grant was made.

Demand III—Excise.

The question that Government be granted a sum of Rs. 25,53,400 under Demand III—Excise was put and carried.

The grant was made.

Demand IV—Taxes on Vehicles

The question that Government be granted a sum of Rs. 7,74,800 under Demand IV—Taxes on Vehicles, was put and carried.

The grant was made.

Demand V—Stamps.

The question that Government be granted a sum of Rs. 11,77,200 under Demand V—Stamps was put and carried.

The grant was made,

Demand VI—Registration Fees.

The question that Government be granted a sum of Rs. 36,01,700 under Demand VI—Registration Fees was put and carried,

The grant was made.

Demand VII—State Legislature

The question that Government be granted a sum of Rs. 8,91,800 under Demand VII—State Legislature was put and carried.

The grant was made.

Demand VIII—Elections

The question that Government be granted a sum of Rs. 32,01,900 under Demand VIII—Elections, was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly